KANDANAD
# DIOCESAN BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 2 No. 10, 15 October 2014**

എഡിറ്റോറിയൽ

# കുട്ടികളെ ശിക്ഷിക്കാമോ?

**മു**ഖക്കുറിപ്പിന് ഈ വിഷയം എടുത്തതിന് സത്വര കാരണം തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തിച്ചു വന്ന ജവഹർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കഴിഞ്ഞ ദിവസം നടന്നതായി പറയപ്പെടുന്ന ഒരു സംഭവമാണ്. ഒരു യു.കെ.ജി. വിദ്യാർത്ഥിയെ ഒരു പട്ടിക്കൂട്ടിൽ മൂന്നു മണിക്കൂറിലധികം സമയം പൂട്ടിയിട്ടു. മൂന്നുനാലു ദിവസങ്ങൾക്കു ശേഷമാണ് മാധ്യമങ്ങൾക്ക് വാർത്ത കിട്ടിയിയത്, അപ്പോൾ മുതൽ മിക്ക ടെലിവിഷൻ ചാനലുകളും അതാഘോഷിച്ചു. ഫലമോ? സ്കൂൾ പൂട്ടാൻ ഡി.പി.ഐ. ഉത്തരവു നൽകി. പ്രിൻസിപ്പൽ ശശികലയുടെയും ക്ലാസ് അധ്യാപിക ദീപികയുടെയും പേരിൽ ശിശുപീഡനത്തിന് വിവിധ വകുപ്പുകൾ പ്രകാരം കേസെടുത്തു. പ്രിൻസിപ്പലിനെ അറസ്റ്റ് ചെയ്തു, റിമാൻഡിലായ അവർ ജാമ്യമെടുത്തു. ടീച്ചർ മുൻകൂർ ജാമ്യം നേടി. മാധ്യമങ്ങൾ കൊട്ടിഘോഷിച്ച സംഭവം രണ്ടു പേരും അപ്പാടെ നിഷേധിച്ചു. പ്രവർത്തനാനുമതി നഷ്ടപ്പെട്ട സ്കൂളിലെ കുട്ടികൾക്ക് സമീപത്തുള്ള സർക്കാർ സ്കൂളുകളിൽ ടി.സി. കൂടാതെ പ്രവേശനം നൽകാൻ ഡി.പി.ഐ. ഉത്തരവായി. ഇതെല്ലാം എന്നേപ്പോലെ പ്രായമായ മുൻഅധ്യാപകരിൽ പൂർവ്വകാലസ്മരണകൾ ഉണർത്തുമെന്ന് ഉറപ്പാണ്. എന്റെ ചില ഓർമ്മകളും വീക്ഷണങ്ങളും ഞാനിവിടെ വായനക്കാരുമായി പങ്കുവയ്ക്കുകയാണ്.

ഗുരുശിക്ഷയ്ക്ക് ഗുരുശിഷ്യബന്ധത്തോളം തന്നെ പഴക്കം കല്പിക്കാവുന്നതാണ്. പണ്ടു കാലങ്ങളിൽ ഗുരു കാണപ്പെടുന്ന ദൈവമായിരുന്നു. ഗുരു നൽകുന്ന ഏതൊരു ശിക്ഷയും അന്നു ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. പ്രതിക്ഷേധം കൂടാതെ അനുഭവിക്കുകയായിരുന്നു പതിവ്. എന്നാൽ മനഃശാസ്ത്രത്തിന്റെ വളർച്ചയും വിദ്യാഭ്യാസ പ്രക്രിയയിൽ അതിനു ലഭിച്ച അംഗീകാരവും സമൂഹത്തിൽ സംഭവിച്ച മാറ്റങ്ങളും ഈ ചിന്താഗതിയെ തകിടം മറിച്ചു. അധ്യാപകർ നൽകുന്ന ശിക്ഷ വിലയിരുത്തപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കുട്ടികളെ അധ്യാപകർ അടിക്കുക, പേടിപ്പിക്കുക, ശകാരിക്കുക, എന്തിന്, കളിയാക്കുക പോലും ഇന്നു കുറ്റകരമാണ്. തിരിച്ചായാൽ കുഴപ്പമില്ലെന്നാണ് അതു സംബന്ധിച്ച് റിപ്പോർട്ടുകൾ കാണുമ്പോൾ തോന്നിപ്പോകുന്നത്!

ഒരു അധ്യാപകൻ വിദ്യാർത്ഥിയെ ശിക്ഷിക്കുന്നത് അരിശം തീർക്കാനോ, പ്രതികാരത്തിനോ, രസത്തിനോ ആണെന്നു ചിന്തിക്കുവാൻ പ്രയാസമാണ്. ശിഷ്യരെ ശിക്ഷിച്ചതിൽ ഒരധ്യാപകനും, ഊറ്റം കൊള്ളുന്നതായി എനിക്കറിയില്ല. ഒരു തിരുത്തൽ ശ്രമവും വ്യക്തിത്വ വികാസത്തിനായി വൈമനസ്യത്തോടെ സ്വീകരിക്കുന്ന നടപടിയുമായി അതിനെ കാണുന്നതായിരിക്കും. ശരിയെന്നാണ് എന്റെ പക്ഷം. പിന്നെ, മാനുഷിക ബലഹീനതയും സമയഭേദവുമെല്ലാം അധ്യാപകരെയും ബാധിച്ചു കൂടെന്നില്ലല്ലോ.

ഒരു കുട്ടിയേയും തല്ലിനോവിക്കാതെ പഠിപ്പിക്കാൻ ശ്രമിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. പതിനഞ്ചു വർഷത്തോളം ഞാൻ ആ വ്രതം പാലിച്ചു. എന്നാൽ എനിക്കതു ലംഘിക്കേണ്ടി വന്നു. ശാസ്ത്രം പ്രവർത്തനമാണല്ലോ. പഠിപ്പിക്കുന്ന കാര്യങ്ങൾ കഴിവതും കാണിച്ചു ബോധ്യപ്പെടുത്തുക എന്റെ ശീലമായിരുന്നു. അതിന് ക്ലാസ് സമയം പലപ്പോഴും തികയാതെ വരും. അത് സ്കൂൾ സമയം കഴിഞ്ഞാണ് ഞാൻ കണ്ടെത്തിയിരുന്നത്. ഒരു ദിവസം എട്ടാംക്ലാസ്സിൽ സസ്യകോശത്തിന്റെ ഘടന ഞാൻ പഠിപ്പിച്ച ശേഷം 4 മണികഴിഞ്ഞ് അത് അവരെ മൈക്രോസ്കോപ്പിൽ കാണിച്ചു കൊടുക്കുമെന്നു പറഞ്ഞു. നാലിനുശേഷം പത്താം ക്ലാസ്സിൽ ഇംഗ്ലീഷ് ബോധനം തുടരുക എന്റെ പതിവായിരുന്നു. അന്ന് അവർക്ക് ഒരു റിട്ടൺ വർക്ക് കൊടുത്ത ശേഷം മൈക്രോസ്കോപ്പും സ്ലൈഡുമായി ഞാൻ എട്ടാം ക്ലാസിലെത്തി. "മർക്കോസ് പോയി സാറേ. എനിക്കൊരു കോപ്പും കാണെണ്ട എന്നു പറഞ്ഞാണ് അവൻ പോയത്." ക്ലാസ് ലീഡർ എന്നെ അറിയിച്ചു. ക്ലാസിൽ ഒരു ഭാവഭേദവും ഞാൻ പ്രകടിപ്പിച്ചില്ല. ക്ലാസ്സിലെ കുട്ടികളെയെല്ലാം ഓരോന്നായി കോശം കാണിച്ചു. ഭൂതകണ്ണാടിയിൽ നോക്കി കോശം കണ്ടു പഠിച്ച ആഹ്ലാദത്തോടെയാണ്

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**കുട്ടികളെ ശിക്ഷിക്കാമോ ?** ........................ 1

**സഭയ്ക്കും ഒരു മദ്യനയം ആവശ്യം – 3** ............ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പ്രമേഹത്തെ ഭയപ്പെടേണ്ട** ......................... 6
ഡോ. ബിനോയി കുര്യാക്കോസ്

**വിവാഹം തിരുവചന വെളിച്ചത്തിൽ** .............. 8
പ്രൊഫ. ഡി. മാത്യു തിരുവനന്തപുരം

**വിഷം പുരട്ടിയ നന്ദി** ............................. 11
ഡോ. ചാണ്ടി പോൾ

**ഗാന്ധിജയന്തി – ചില അനുബന്ധ ചിന്തകൾ** ...... 14
ഫാ. ഗീവർഗീസ് പതപ്പിള്ളിൽ

**വാർത്തകൾ – അറിയിപ്പുകൾ** ..................... 16

അവരെല്ലാം സ്കൂൾ വിട്ടത്. എന്നാൽ എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. മർക്കോസിനെ ഉപദേശിച്ചു മാത്രം വിട്ടാൽ മറ്റുള്ളവർക്ക് അവൻ മാതൃകയായാവാം എന്നെനിക്കുതോന്നി. പിറ്റേന്ന് ക്ലാസിൽ മറ്റുള്ളവരുടെ മുമ്പിൽ വച്ചുതന്നെ കുറ്റം ബോധ്യപ്പെടുത്തി ചന്തിക്ക് രണ്ടു ചുട്ട അടികൊടുത്തു. നീണ്ട 15 വർഷം ഞാൻ പാലിച്ചു പോന്ന വ്രതം പൊടുന്നെ പൊലിഞ്ഞു. പിന്നിടുന്ന വർഷങ്ങളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഞാൻ ചൂരൽ പ്രയോഗം നടത്തിയിട്ടുണ്ടെങ്കിലും അതൊന്നും സന്തോഷത്തോടെ ആയിരുന്നില്ല. ഒരടി ചിലരിൽ നുറു വട്ടം ഉപദേശിക്കുന്നതിനേക്കാൾ ഫലപ്രദമായിട്ടാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്.

അടി ചിരിയായി മാറിയ ഒരു സംഭവവും ഞാനോർക്കുന്നു. അന്നു ഞാൻ പ്രധാനാധ്യാപകനാണ്. മോർണിങ്ങ് അസംബ്ലികഴിഞ്ഞ് ഞാൻ ഓഫീസിലെത്തി സബ് സ്റ്റിറ്റ്യൂഷൻ വർക്ക് ക്രമീകരിക്കുന്ന തെരക്കിലാണ്. ഏഴാം ക്ലാസ്സിലെ മൂന്നു കുട്ടികളെ ക്ലാസ് ടീച്ചർ അയച്ചിരിക്കുകയാണ്. ഒരാൾ പ്രതി. രണ്ടുപേർ സാക്ഷികൾ. സാക്ഷികളെ ഉടനെ തന്നെ ഞാൻ തിരിച്ചയച്ചു. എന്നിട്ട് പ്രതിയോട് ചോദിച്ചു. “നിന്റെ ക്ലാസ്സ് ടീച്ചർ നിന്നെ പലവട്ടം ഉപദേശിച്ചിട്ടും നീ നന്നായില്ല, അല്ലേ? നീ ആ സ്ക്രീനിന്റെ പിൻപിലേക്ക് മാറി നിന്റെ ട്രൗസേഴ്സ് ഊരിവച്ച് തയ്യാറായി നിന്നോ. നിന്റെ തെളിഞ്ഞ ചന്തിക്ക് രണ്ടു കിട്ടിയാലേ നി അനുസരണം പഠിക്കൂ. ങ്ഹും, അങ്ങോട്ടു മാറിനിൽക്ക്.” സ്ക്രീനിന്റെ പുറകിലേക്ക് കൈചൂണ്ടി ഞാൻ പറഞ്ഞു. അവൻ സങ്കോചത്തോടെ അങ്ങോട്ടു നീങ്ങി. അത്യാവശ്യം ജോലികൾ തീർത്തശേഷം ഞാൻ ചൂരലുമെടുത്ത് എഴുന്നേറ്റു. അപ്പോൾ അവിടെ ഉണ്ടായിരുന്ന പ്യൂൺസ് അഞ്ചുപേരും ഉറക്കെ ചിരിക്കുന്നുണ്ട്. എന്താകാരണമെന്നറിയാൻ ഞാൻ സ്ക്രീനിന്റെ പിമ്പിലേക്കു നോക്കി. നമ്മുടെ പ്രതി പൊക്കിൾ കുഴി വരെ മാത്രം എത്തുന്ന ഷർട്ടുമിട്ട് ബാക്കി പൂർണ്ണ നഗ്നനായി ഒരു ഭാവഭേദവുമില്ലാതെ നിൽക്കുന്നു! എനിക്ക് ചിരി അമർത്താൻ സാധിച്ചില്ല. എന്റെ കൃത്രിമ ദേഷ്യമെല്ലാം പമ്പ കടന്നു. അവന്റെ തോളിൽ തലോടിക്കൊണ്ടു പറഞ്ഞു, “മിടുക്കൻ! നിന്നോടാവശ്യപ്പെട്ട കാര്യം മുമ്പ് പലരോടും ഞാൻ പറഞ്ഞിട്ടുണ്ടെങ്കിലും അവരാരും അതനുസരിച്ചിട്ടില്ല. അനുസരണമുള്ള കുട്ടി. മറ്റധ്യാപകർ പറഞ്ഞാലും ഇതുപോലെ തന്നെ അനുസരിച്ചുകൊള്ളണം. പൊയ്ക്കോ.” അവൻ ഊരിവച്ച ട്രൗസേഴ്സ് എടുത്തു ധരിച്ച് സ്ഥലം വിട്ടു. പത്താം ക്ലാസ്സ് കഴിഞ്ഞു പോകുന്നതുവരെ അവനെപ്പറ്റി ഒരു പരാതിയും പിന്നീടുണ്ടായിട്ടില്ല.

ഈ സംഭവമോർത്ത് പലപ്പോഴും ഞാൻ ചിരിക്കാറുണ്ട്. ഈയിടെ ഭയപ്പെടാറുമുണ്ട്. കാരണം ഇന്നാണെങ്കിൽ അവന്റെ നില്പും, സ്ത്രീകൾ ഉൾപ്പെടെയുള്ള പ്യൂൺസിന്റെ ആഹ്ലാദപ്രകടനങ്ങളും എന്റെ കൈയ്യിലെ ചൂരലുമെല്ലാം ക്യാമറായിൽ ഒപ്പിയെടുത്ത് ചാനലുകൾ വചനോത്സവം ആഘോഷിക്കുകയുമായിരുന്നു. തീർച്ച എനിക്ക് അഴി എണ്ണേണ്ട ഗതികേടും വരുമായിരുന്നു. സർക്കാരിന് പേരു

*(ശേഷം 9-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# സഭയ്ക്കും ഒരു മദ്യനയം ആവശ്യം-3

മദ്യത്തിന്റെ ഉല്പാദനം , കച്ചവടം, ഉപഭോഗം എന്നിവയില്ലാത്ത മദ്യവിമുക്ത സമൂഹമാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഇതിനുള്ള മാർഗ്ഗമായി മദ്യനിരോധനവും മദ്യ വർജ്ജനവും ആണ് സാധാരണഗതിയിൽ ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നാൽ മദ്യവിമുക്ത സമൂഹം സൃഷ് ടിക്കുന്നതിന് ഇതിലേതെങ്കിലും ഒരു മാർഗ്ഗം തനിയെ പര്യാപ്തമാകുമോ, അതോ മറ്റേതെങ്കിലും സാധ്യതകൂടി അന്വേഷിക്കേണ്ടതായിട്ടുണ്ടോ? ഇ ക്കാര്യം ഗൗരവമായി പഠിക്കേണ്ട ഒരു വിഷയമാണ്.

മദ്യ നിരോധനം എന്നത് മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ നിയമപരമായി നിർത്തലാക്കുന്ന നടപടിയാണ്. നാടിനെ മദ്യത്തിന്റെ സ്വാധീനത്തിൽ നിന്ന് സ്വതന്ത്രമാക്കുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി പലരും ഇതിനെ പരിഗണിക്കുന്നു. കേരള സർക്കാർ ഈ വഴിക്കു നീങ്ങുന്നു എന്ന സൂചനയാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. എന്നാൽ ഇത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്.

1. മദ്യനിരോധനത്തിന്റെ പരാജയകഥയാണ് ചരിത്രപാഠം നമുക്ക് നൽകുന്നത്. ഇസ്ലാം മതത്തിന്റെ സമഗ്രാധിപത്യം നിലവിലിരിക്കുന്ന, പരമ്പരാഗത മദ്യനിരോധിത രാജ്യങ്ങളിൽ മാത്രം ഇതു കുറെയൊക്കെ വിജയിച്ചിട്ടുണ്ടെന്നത് ശരിയാണ്... എന്നാൽ വ്യത്യസ്ത സാഹചര്യങ്ങൾ നിലവിലുള്ള മറ്റു രാജ്യങ്ങളിൽ (അമേരിക്ക ഉൾപ്പെടെ) എവിടെയെല്ലാം മദ്യ നിരോധനം ഏർപ്പെടുത്തിയോ അവിടെയെല്ലാം അതു പരാജയപ്പെട്ടതിനെ തുടർന്ന് നിയമം പിൻവലിക്കുകയായിരുന്നു. ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഉടൻ തന്നെ മദ്യനിരോധനം നടപ്പാക്കിയ ഗുജറാത്തിൽ മദ്യവിൽപ്പനയും ഉപഭോഗവും നിയമവിരുദ്ധമായിത്തന്നെ നടക്കുന്നു. മദ്യനിരോധനം നിലവിലില്ലാത്ത അയൽ സംസ്ഥാനങ്ങളിലേക്കാൾ മദ്യപാനത്തിന്റെ അളവ് ഇവിടെ അധികരിച്ചിരിക്കുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സമൂഹത്തിൽ കാപട്യവും നിയമനിഷേധപ്രവണതയും വ്യാപകമാകുവാൻ മാത്രം ഇത് സഹായിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. മദ്യത്തിന്റെ ഒഴുക്ക് വർദ്ധിക്കുന്നതുകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം നടപ്പാകാതെ പോകുകയും ചെയ്യുന്നു.

2. മദ്യനിരോധനം നിയമമാക്കുന്നതോടെ അതു നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും സർക്കാരിൽ വന്നുചേരുന്നു, കാരണം അത് നിയമമാണ്. നിരോധനം ലംഘിക്കുന്നത് ശിക്ഷാർഹമായതിനാൽ അപ്രകാരം പ്രവർത്തിക്കുന്നവരെപ്പറ്റി അധികാരികളുടെ അടുക്കൽ വിവരമറിയിക്കുവാൻ വ്യക്തികളും സാമൂഹിക സംഘടനകളും മടിക്കുന്നു. കുറ്റക്കാരെ കണ്ടെത്തേണ്ടത് സർക്കാരിന്റെ ബാധ്യത ആയതിനാൽ തങ്ങളെന്തിനു വിവരമറിയിച്ച് മറ്റുള്ളവരുടെ വിദ്വേഷം നേടുന്നു എന്നതായിരിക്കും പൊതുപ്രതികരണം. വിവരമറിയിക്കുന്നവരുടെ നേരെ പ്രതികൾ അക്രമം അഴിച്ചുവിടുവാനുള്ള സാധ്യതയും അതു ജനങ്ങളിൽ സൃഷ്ടിക്കുന്ന ഭയവും തള്ളിക്കളയാനാവില്ല.

3. അഴിമതിക്കു പേരുകേട്ട നമ്മുടെ സർക്കാർ സംവിധാനത്തിന് സ്വയമായി മദ്യനിരോധന നിയമം എന്നെങ്കിലും നടപ്പിലാക്കാൻ കഴിയും എന്ന് ആർക്കെങ്കിലും ബോധ്യമുണ്ട് എന്നു തോന്നുന്നില്ല. ആ സാഹചര്യത്തിൽ അഴിമതി സാർവ്വത്രികമായി വ്യാപിക്കുവാൻ സഹായിക്കുകയായിരിക്കും മദ്യനിരോധനം നിയമമാക്കി നടപ്പിലാക്കുന്നതിന്റെ ഫലം.

4. മദ്യം ഉണ്ടാക്കുന്നതിനുള്ള അടിസ്ഥാന സാങ്കേതിക പരിജ്ഞാനം എവിടെയും ലഭ്യമായതുകൊണ്ട് സ്വകാര്യ മദ്യ ഉത്പാദനവും അനധികൃത മദ്യ വിപണനവും സജീവമാകും. ഇതോടെ മദ്യവിമുക്ത സമൂഹം എന്ന കുലീന ലക്ഷ്യം ആത്യന്തികമായി അട്ടിമറിക്കപ്പെടുകയും ചെയ്യും.

5. ഇതുമായി ബന്ധപ്പെട്ട് സമൂഹത്തിൽ മദ്യാസക്തി ഉള്ളവരുടെ കാര്യം പരിഗണിക്കുന്നില്ല. അവരെ ഒഴിവാക്കി, നിയമം കൊണ്ടുമാത്രം രാജ്യം മദ്യവിമുക്തമാക്കാൻ ആവില്ല എന്നത് ഓർത്തിരിക്കേണ്ട കാര്യമാണ്.

അതുകൊണ്ട് അഴിമതിയുടെ വ്യാപനം, നിയമനിഷേധം കാപട്യത്തിന്റെ സാർവ്വത്രികത, വ്യാജമദ്യത്തിന്റെ ഒഴുക്ക് എന്നിവയായിരിക്കും സമ്പൂർണ്ണ മദ്യനിരോധന നിയമത്തിന്റെ ബാക്കിപത്രം.

രണ്ടാമത്തെ സാധ്യതയായ മദ്യവർജ്ജനം ആശയതലത്തിൽ അഭികാമ്യമാണ്. സ്വന്ത തീരുമാനപ്രകാരം മദ്യപാനം ഉപേക്ഷിക്കണമെന്നാണ് ഇവിടെ വിവക്ഷിക്കുന്നത്. മദ്യ ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ജനത്തെ ബോദ്ധ്യപ്പെടുത്താൻ മത-സാമൂഹിക-സർക്കാർ ഘടനകൾ കൂട്ടായി ശ്രമിച്ചാൽ കാര്യം നടക്കുമെന്നാണ് ഈ ചിന്തയെ പ്രതിനിധീകരിക്കുന്നവർ കുരുതുന്നത്. നല്ല മനസ്സുള്ള, ശുഭാപ്തി വിശ്വാസികളുടെ ധാരണയാണിത്. എന്നാൽ മനുഷ്യൻ തെറ്റു ചെയ്യുന്നത് അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി അറിവില്ലാത്തതുകൊണ്ടല്ല എന്നു നാം ഓർക്കേണ്ട കാര്യമാണ. **ധാരാളം മെഡിക്കൽ ഡോക്ടർമാർ പുകവലിയും മദ്യപാനവും അമിത ഭക്ഷണവും**

**എല്ലാം ആസ്വദിക്കുന്നത് അവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടല്ലല്ലോ. സഭാനേതാക്കന്മാർ ആഡംബരജീവിതം നയിക്കുന്നത് സുവിശേഷം വായിക്കാഞ്ഞിട്ടുമല്ല. എസ്.എൻ.ഡി.പി. പ്രവർത്തകർ മദ്യക്കച്ചവടം നടത്തുന്നത് ഗുരുദേവൻ പറഞ്ഞത് അറിയാഞ്ഞിട്ടാണോ? ഖദർ ധരിച്ചു നടക്കുന്ന രാഷ്ട്രീയക്കാർ അഴിമതി നടത്തുന്നത് ഗാന്ധിവചനം മനസ്സിലാക്കിത്തന്നെയാണ്. അറിവ് നൽകുന്ന വഴിയിലൂടെ നടക്കാൻ തയ്യാറാകാത്തിടത്തോളംകാലം അറിവും ബോധ്യവും കൊണ്ട് മാത്രം മദ്യപാനത്തിൽ നിന്ന് മനുഷ്യൻ പിന്തിരിയുകയില്ല.** അതുപോലെതന്നെ മദ്യത്തിന്റെ ലഭ്യതയും മദ്യത്തോടുള്ള ആസക്തിയും നിലവിലിരിക്കുന്ന സാഹചര്യത്തിൽ മദ്യവർജ്ജന ശ്രമങ്ങൾ കാര്യമായി വിജയിക്കുന്നില്ല എന്നത് അനുഭവപാഠമാണ്. തീർച്ചയായും മദ്യവർജ്ജനം ഒരു പ്രസ്ഥാനമായി വളർത്തിയെടുത്ത് മദ്യപാനത്തിന്റെ വരുംവരായ്കകളെപ്പറ്റി പൊതുസമൂഹത്തെ നിരന്തരമായി ഓർമ്മപ്പെടുത്തേണ്ടതാണ്. എന്നാൽ അതിന്റെ സ്വാധീനത്തിൽ ഒരു മദ്യവിരുദ്ധ സമൂഹത്തെ സങ്കല്പ്പിക്കാനാവില്ല.

നമുക്കാവശ്യം മദ്യവിമുക്ത സമൂഹമാണ് അത് നിയമവും ബോധവത്ക്കരണവും കൊണ്ടുതന്നെ നേടിയെടുക്കാനാവും എന്ന പ്രതീക്ഷ വേണ്ട. അതിനാവശ്യം സാവകാശമായ ഒരു സമഗ്രപദ്ധതിയുടെ ഭാവനാപൂർവ്വമായ ആസൂത്രണവും ഇച്ഛാശക്തിയോടുകൂടിയ നടപ്പിലാക്കലുമാണ്. അക്കാര്യം നേടിയെടുക്കുവാൻ മദ്യനിയന്ത്രണവും സാമൂഹിക സമ്മർദ്ദവും ഉൾപ്പെട്ട ഒരു ദീർഘകാല പദ്ധതി അടിസ്ഥാന യഥാർത്ഥ്യങ്ങൾ വിസ്മരിക്കാതെ നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഇതിനാവശ്യം പുതിയ ഒരു മാർഗ്ഗാന്വേഷണമാണ്. മദ്യപാനത്തിന് സഹായകമായ ഘടകങ്ങൾ ഏവ എന്ന അന്വേഷണത്തോടെയാകാം ഇതിന്റെ തുടക്കം ആ അന്വേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വേണം പരിഹാര നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കുവാൻ.

1. ഏതൊരു ഉപഭോഗവസ്തുവിന്റെയും സമൃദ്ധമായ ലഭ്യതയാണ് അതിന്റെ വ്യാപനത്തിന്റെ അടിസ്ഥാന ഘടകം. മദ്യത്തിന്റെ കാര്യത്തിലും ഈ തത്വം ബാധകമാണ്. ഏതു തരത്തിലും വിലയിലും ഉള്ള മദ്യം എവിടെയും കിട്ടുന്ന സാഹചര്യത്തിൽ അതിന്റെ ഉപഭോക്താക്കളുടെ എണ്ണം കൂടും. മനുഷ്യർ അകത്താക്കുന്ന മദ്യത്തിന്റെ അളവും വർദ്ധിക്കും. അതുകൊണ്ട് മദ്യത്തിന്റെ ലഭ്യതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് മദ്യവിമുക്ത സമൂഹം എന്ന ലക്ഷ്യപ്രാപ്തിക്കുള്ള പ്രാഥമിക നടപടിയാണ്.

2. മനുഷ്യന് സമൂഹത്തിൽ മാന്യത സൃഷ്ടിക്കുന്നു എന്നതാണ് ഒരു ഉപഭോഗവസ്തുവിന്റെ പ്രധാന ആകർഷണം. മദ്യപാനത്തിന് അടുത്തകാലത്ത് കൈവന്ന സാർവ്വത്രിക അംഗീകാരവും മാന്യതയുമാണ് അതിന്റെ വിപണിയും ഉപഭോഗവും വ്യാപിക്കുന്നതിന് ഇടയാക്കിയ പ്രത്യേക കാരണം. മദ്യം കഴിക്കുന്ന ഇടം നക്ഷത്ര ഹോട്ടലുകളാണ് എന്നു നിഷ്ക്കർഷിക്കുന്നത് മദ്യത്തിന്റെ മാന്യത വർദ്ധിപ്പിക്കുവാൻ മാത്രമാണ് ഉതകുന്നത്. അതുകൊണ്ട് മദ്യപാനത്തിന്റെ നിലവിലിരിക്കുന്ന മാന്യത ഇടിക്കുക എന്നതാണ് മനുഷ്യരെ കുടിയിൽ നിന്നു പിന്തിരിപ്പിക്കുവാനുള്ള അടുത്ത നടപടി.

3. ആധുനിക കാലഘട്ടം സൃഷ്ടിച്ച തൊഴിൽ-ഗാർഹിക-സാമൂഹിക രംഗത്തെ പ്രത്യേക അന്തരീക്ഷം മദ്യപാനവ്യാപനത്തിന് സഹായകമായി. ആന്തരിക സംഘർഷം, പരാജയഭീതി, ആത്മനിന്ദ, അപകർഷതാബോധം, അപമാനാനുഭവങ്ങൾ എന്നിവയെല്ലാം തൊഴിൽരംഗം ഉൾപ്പെടെ നാഗരിക-വ്യവസായ സമൂഹത്തിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. അണു കുടുംബങ്ങളുടെ പ്രത്യേക സാഹചര്യവും കുടുംബഭദ്രതയിലെ തകർച്ചയുമെല്ലാം ഈ നിഷിദ്ധ വികാരാനുഭവങ്ങളെ പരിവർത്തനപ്പെടുത്തുന്നതിന് സഹായകമല്ല. ഈ ചുറ്റുപാടിൽ മേൽപ്പറഞ്ഞ അനുഭവങ്ങളെ മറികടക്കാനുള്ള വഴിയായി ദുർബല മനുഷ്യൻ മദ്യത്തിൽ അഭയപ്പെടുന്നു. മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താതെ മദ്യലഭ്യത കുറച്ചതുകൊണ്ടു മാത്രം വിഷയത്തിന് പോംവഴി ആവുന്നില്ല. ഈ കാര്യത്തിന് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ പരിശ്രമിക്കേണ്ടതുണ്ട്.

അതുകൊണ്ട് മേൽപ്പറഞ്ഞ മൂന്നു കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തി ഒരു സമഗ്രപദ്ധതി മദ്യവിമുക്ത സമൂഹം സൃഷ്ടിക്കുവാൻ ആസൂത്രണം ചെയ്യേണ്ടി വരും. അതിനായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ സഹായകമാകും.

ഒന്നാമതായി മദ്യലഭ്യത കുറക്കുന്നതിന്റെ ഭാഗമായി കള്ളുഷാപ്പുകൾ, ബീയർ പാർലറുകൾ എന്നിവ ഉൾപ്പെടെ സകല മദ്യശാലകളും അടച്ചുപൂട്ടുകയും, ഹോട്ടലുകൾ മദ്യവിമുക്തമാക്കുകയും, പരസ്യമായി മദ്യം വിളമ്പുന്നത് അനുവദനീയമല്ലാതാക്കുകയും വേണം. മിലിട്ടറി കാന്റീൻ വഴി ഇപ്പോൾ നടക്കുന്ന മുൻ പട്ടാളക്കാർക്കുള്ള മദ്യവിൽപ്പനയും നിർത്തലാക്കണം.

മദ്യപാനം ശീലമാകുന്നത് പ്രധാനമായും ചെറുപ്പകാലത്താണ്. കൗമാരക്കാരായ മദ്യപാനികളുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുന്നതായിട്ടാണ് സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് ഇരുപത്തഞ്ചു വയസ്സിന് മുമ്പ് മദ്യം വാങ്ങുന്നതിനുള്ള അനുവാദം പൂർണ്ണമായും അവസാനിപ്പിക്കുക.

ഇവിടെ പൂർണ്ണമായ മദ്യനിരോധനം വിഭാവനം ചെയ്യുന്നില്ല. മദ്യകച്ചവടം പൂർണ്ണമായും സർക്കാരിന്റെ കുത്തകയാക്കുകയും മദ്യം പബ്ളിക് ഔട്ട്ലെറ്റ് വഴി മാത്രം വാങ്ങുവാൻ സൗകര്യം സൃഷ്ടിക്കുകയും ചെയ്യുക. വീട്ടിലൊഴികെ മദ്യം ഇരുന്നുകഴിക്കാവുന്ന യാതൊരു സ്ഥലവും ലഭ്യമാക്കാതിരിക്കുകയും വേണം.

രണ്ടാമതായി മദ്യത്തിന്റെ മാന്യതകുറയ്ക്കുവാനായി എടുക്കേണ്ട നടപടികളെപ്പറ്റിയാണ് ചിന്തിക്കേണ്ടത്. മുന്തിയ ഹോട്ടലുകളും, ക്ലബ്ബുകളും മദ്യവിമുക്തമാക്കുകയും പബ്ളിക് ഔട്ട്ലെറ്റുകൾ വഴി മാത്രം മദ്യം ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മദ്യപാനത്തിന്റെ മാന്യത ഇടിയും. എന്നാൽ ഇതുകൂടാതെ ഇതോടനുബന്ധിച്ച് ചില നടപടികൾ കൂടി ഉണ്ടാകണം.

1) മദ്യം ആവശ്യമുള്ളവർക്ക് മദ്യം വാങ്ങുന്നതിനുള്ള കാർഡ് ലഭ്യമാക്കുക.

2) നേരിട്ട് മദ്യം വാങ്ങുവാനുള്ള അവകാശം കാർഡുടമയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുക.

3) ഓരോ പ്രാവശ്യവും വീര്യത്തിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിതമായ അളവു മദ്യം മാത്രം വിൽക്കുക. ഈ സാഹചര്യം സൃഷ്ടിക്കപ്പെടുന്നതോടുകൂടി പബ്ളിക് ഔട്ട്ലെറ്റിൽ നിന്നു വാങ്ങി കുടിക്കുന്ന വ്യക്തി, വ്യക്തിപരമായി മദ്യക്കാർഡുമായി തുടർച്ചയായി പോയി ക്യൂ നിൽക്കേണ്ടിവരും. ഇതൊരു അപമാനമായി അനുഭവപ്പെടും. ഇതോടെ കുടിയുടെ മാന്യത പൂർണ്ണമായും നഷ്ടപ്പെട്ട് കുടിക്കാതിരിക്കുവാൻ നിവർത്തിയില്ലാത്തവർ മാത്രം മദ്യം വാങ്ങുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. മേൽപ്പറഞ്ഞ നടപടികളോടു ചേർന്ന് മറ്റു ചില കാര്യങ്ങൾകൂടി ചെയ്യേണ്ടതുണ്ട്.

1. എ) സർക്കാർ സംവിധാനത്തിലേക്കും സ്വകാര്യസ്ഥാപനങ്ങളിലേക്കും ജോലിക്കു അപേക്ഷകരായി വരുന്നവരിൽ നിന്ന് അവർ മദ്യം ഉപയോഗിക്കുന്നവരല്ല എന്ന് മെഡിക്കൽ ഡോക്ടറുടെ സാക്ഷ്യപത്രം ആവശ്യപ്പെടുക.

ബി) മദ്യകാർഡ് ഉള്ളവരുടെ ലിസ്റ്റിൽ അപേക്ഷകരുടെ പേരുണ്ടോ എന്നു പരിശോധിച്ച് അവർ മദ്യപാനികളല്ല എന്ന് ഉറപ്പുവരുത്തുക.

സി) ജോലിയിൽ പ്രവേശിച്ച ശേഷം മദ്യപാനം ആരംഭിച്ചാൽ ജോലിയിൽ നിന്നു പിരിച്ചുവിടും എന്ന് നിയമന ഉത്തരവിൽ എഴുതിച്ചേർക്കുക.

2. സാമൂഹിക-മത-സാംസ്ക്കാരിക-വ്യാപാര-പ്രൊഫഷണൽ സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നവരിൽ നിന്ന് മദ്യപാനികളെ ഒഴിവാക്കുവാൻ പ്രസ്ഥാനങ്ങൾ തീരുമാനം എടുക്കുക.

3. മദ്യം കുടിച്ച് വാഹനം ഓടിക്കുന്നവർക്ക് പിഴയോടൊപ്പം തടവുശിക്ഷയും, ഹ്രസ്വകാലത്തേയ്ക്കെങ്കിലും ലൈസൻസ് റദ്ദാക്കലും നിർബന്ധിത ശിക്ഷയാക്കുക. മദ്യപിച്ചു എന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിയെ ഉടൻ തന്നെ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി ശിക്ഷ നൽകുന്ന സമ്പ്രദായം ഉണ്ടാകണം. ശിക്ഷ വിധിക്കുവാൻ വ്യക്തി മദ്യപിച്ചു എന്ന് ന്യായാധിപന് ബോദ്ധ്യപ്പെട്ടാൽ മാത്രം മതിയാകും.

4. മദ്യപിച്ച് ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്ക് മേൽപ്പറഞ്ഞ പ്രകാരം ന്യായാധിപനെ ബോദ്ധ്യപ്പെടുത്തി തടവുശിക്ഷ നൽകുവാനുള്ള നിയമക്രമീകരണം ഉണ്ടാവണം.

5. മദ്യപിക്കുന്നവരെ വിവാഹം കഴിക്കില്ല എന്ന് സ്ത്രീകൾ നിലപാടെടുത്ത് വിവാഹകമ്പോളത്തിൽ മദ്യപർ അവഗണിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുക.

മേൽപ്പറഞ്ഞ നടപടികളെല്ലാം മദ്യ ഉപയോഗത്തിന്റെ മാന്യത കുറയ്ക്കുവാൻ സഹായകമാകും.

മൂന്നാമതായി ആധുനിക ലോകത്ത് മനുഷ്യമനസ്സിൽ സൃഷ്ടിക്കപ്പെടുന്ന പിരിമുറുക്കങ്ങളും വൈഷമ്യങ്ങളും വ്യക്തികളെ മദ്യപാനത്തിൽ കൊണ്ടെത്തിക്കാതിരിക്കാനുള്ള ഇടപെടലുകൾ ഉണ്ടാകണം. ഇതിന് സർക്കാർ-സാമൂഹിക -മത സ്ഥാപനങ്ങൾ രംഗത്തു വരേണ്ടതാണ്. അവയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് മദ്യവിൽപ്പനയിലൂടെ സർക്കാർ സ്വരൂപിക്കുന്ന ലാഭത്തിൽ നിന്ന് ചെലവഴിക്കണം. അതുപോലെ Alcoholios Anonymous (AA) എന്ന മദ്യവിമുക്തി നേടിയവരുടെ സംഘടനയെ ശാക്തീകരിക്കുവാനും അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനും മേൽപ്പറഞ്ഞ ഫണ്ട് ഉപയോഗപ്പെടുത്തണം. ആവശ്യമായ ലഹരി വിമുക്ത കേന്ദ്രങ്ങൾ ആരംഭിച്ച് മദ്യപാനത്തിൽ നിന്ന് വ്യക്തികളെ രക്ഷിക്കുവാൻ ഉള്ള ശ്രമവും ഉണ്ടാകണം. മദ്യവിൽപനയിലൂടെ സർക്കാർ നേടുന്ന ലാഭം മുഴുവനും മദ്യവിമുക്ത സമൂഹത്തിന്റെ സൃഷ്ടിക്കായി ചിലവിടുകയാണ് ധാർമ്മികത.

ഈ ശ്രമങ്ങളിലൂടെ മദ്യപാനം ക്രമേണ കുറയും എന്നത് ഉറപ്പാണ്. ഒരു ഹ്രസ്വകാലഘട്ടം കൊണ്ട് നാട് മദ്യവിമുക്തമാവുകയില്ല എന്നത് സത്യമാണ്. എന്നാൽ മദ്യപൻമാരുടെ എണ്ണം സാവകാശം കുറയുകയും കാലക്രമത്തിൽ മദ്യഉപയോഗം തീരെ ഇല്ലാതായിത്തീരുകയും ചെയ്യും. മദ്യപാനം അവഗണനാർഹമായ ഒരു ന്യൂനപക്ഷത്തിന്റെ മാത്രം കാര്യമായാൽത്തന്നെ അതു വലിയൊരു ആശ്വാസമാകും. പൂർണ്ണമായും സമൂഹം കുടി വിമുക്തമാകും വരെ ആ ലക്ഷ്യം മുൻനിർത്തി ജാഗ്രതയോടെ പ്രവർത്തിച്ചാൽ നാട് മദ്യവിമുക്തമാകും എന്നത് ഉറപ്പാണ്. നിയമവും സമൂഹത്തിന്റെ സമ്മർദ്ദവും കുറച്ചു തന്ത്രങ്ങളും ആധ്യാത്മീക-സാമൂഹിക പ്രവർത്തകരുടെയും, കലാ-സാഹിത്യ-കലാകാരന്മാരുടെയും ശ്രമങ്ങളുമെല്ലാം ഇതിനു വേണമെന്നു മാത്രം.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

ലേഖനം

# പ്രമേഹത്തെ ഭയപ്പെടേണ്ട

ഡോ. ബിനോയി കുര്യാക്കോസ്

**എന്താണ് പ്രമേഹം?** ശരീരത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നമ്മുടെ രക്തത്തിൽ ശരിയായ അളവിൽ ഗ്ലൂക്കോസ് വേണം. ഗ്ലൂക്കോസിന്റെ അളവ് പാകത്തിനു നിലനിറുത്തുന്നതിന് ഇൻസുലിൻ ആവശ്യമാണ്. ഇൻസുലിന്റെ പ്രവർത്തനക്കുറവു/പ്രവർത്തനത്തകരാറു മൂലം രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് അമിതമായി കൂടുന്നതുമൂലം ഉണ്ടാകുന്ന പ്രമേഹം ക്രമേണ വിവിധ അവയവങ്ങളെ ദോഷകരമായി ബാധിക്കുന്നു. അമിതവണ്ണവും പാശ്ചാത്യ ജീവിതശൈലിയും മൂലം പ്രമേഹം കൂടുതലായി കാണുന്നു. ജീവിതശൈലീരോഗമായ ടൈപ്പ് 2 പ്രമേഹവും അതിനെത്തുടർന്നുണ്ടാകുന്ന മറ്റു രോഗങ്ങളും പടർന്നുകൊണ്ടിരിക്കുകയാണ്.

പ്രമേഹചികിത്സ പലപ്പോഴും സങ്കീർണമാണ്. ആധുനികവൈദ്യശാസ്ത്രത്തിൽ തന്നെ ചികിത്സയുടെ കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. മരുന്നുകളുടെ ഉപയോഗം മൂലമുണ്ടാകാൻ സാധ്യതയുള്ള ദൂഷ്യഫലങ്ങളെപ്പറ്റി, അതിന്റെ സാമ്പത്തിക ബാധ്യതയെപ്പറ്റി ഒക്കെ ഉത്ക്കണ്ഠയുണ്ട്. പ്രമേഹത്തെത്തുടർന്നുണ്ടാകുന്ന മറ്റു രോഗങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുമ്പോൾ രോഗിക്ക് ചിന്താക്കുഴപ്പമുണ്ടാകുന്നു. പിരിമുറുക്കമുണ്ടാകുന്നു. അവയുടെ ചികിത്സയുടെ സാമ്പത്തിക ബാധ്യത റോക്കറ്റു പോകുന്നപോലെ വളരെ കൂടി വരുന്നു.

**മാർഗരേഖകൾ:** ദൈനംദിന ജീവിതത്തിൽ ചിന്താക്കുഴപ്പം ഒഴിവാക്കാനും ജീവിതം സുഗമമാക്കാനും നിയമങ്ങളും ചട്ടങ്ങളും ആചാരങ്ങളും മനുഷ്യൻ ഉണ്ടാക്കിയിട്ടുണ്ട്. വിവാഹത്തിനും ശവസംസ്കാരത്തിനും ഓരോ നടപടിക്രമമുണ്ട്. വാഹനമോടിക്കുമ്പോൾ അപകടം ഒഴിവാക്കാൻ. ഡ്രൈവർ ചില നടപടിക്രമങ്ങൾ പാലിക്കുന്നു.


വളരെയധികം പുതിയ അറിവുകൾ–രോഗത്തെപ്പറ്റിയും ചികിത്സയെപ്പറ്റിയും–വന്നുകൊണ്ടിരിക്കുന്നു. വൈദ്യശാസ്ത്രത്തിന് പരിമിതിയുണ്ട്. കുരുടർ ആനയെ കണ്ടതുപോലെയാണ് പ്രമേഹത്തെ നാം കാണുന്നത്. ആർക്കും രോഗത്തെപ്പറ്റി എല്ലാം അറിയാൻ പാടില്ല. പൂർണമായ അറിവ് ലഭിക്കുക എന്നത് പ്രായോഗികവുമല്ല. പ്രസക്തമായ വിവരങ്ങൾ പരമാവധി ശേഖരിക്കാൻ ശ്രമിക്കുക എന്നത് പ്രധാന കാര്യമാണ്. അപൂർണമായ അറിവിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കണം, പ്രവർത്തിക്കണം. അതുകൊണ്ട് കാര്യങ്ങൾ സങ്കീർണമാക്കാതെ ലളിതമാക്കാൻ വിദഗ്ദ്ധർ മാർഗരേഖകൾ തയാറാക്കുന്നു. തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല രോഗചികിത്സാമേഖലയിലെ വിദഗ്ദ്ധരുടെ പ്രവൃത്തിപരിചയവും ഉൾക്കാഴ്ച്ചയും കൂടി സംയോജിപ്പിച്ച് മാർഗനിർദ്ദേശങ്ങൾ തയാറാക്കുന്നു. ഈ മാർഗരേഖകളെ ഓരോരുത്തരുടെയും സാഹചര്യവുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണം.

**രോഗീ കേന്ദ്രീകൃത ചികിത്സ:** രോഗിയുടെ പ്രായം, രോഗത്തിന്റെ ദൈർഘ്യം, രോഗിക്കുള്ള മറ്റു രോഗങ്ങൾ–ഹൃദയം, വൃക്ക, കരൾ തുടങ്ങിയ അവയവങ്ങളുമായി ബന്ധപ്പെട്ട രോഗങ്ങൾ – കൂടി കണക്കിലെടുത്ത് പ്രമേഹ ചികിത്സ രൂപകല്പന ചെയ്യണം. പുതിയ മരുന്നുകൾ ലഭ്യമാകുമ്പോൾ അവയുടെ ഗുണം, ദോഷഫലം, അവ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത, ഓരോ രോഗിയുടെയും താത്പര്യങ്ങൾ, പ്രാധാന്യം കൊടുക്കുന്ന മൂല്യങ്ങൾ തുടങ്ങിയവ കണക്കിലെടുക്കണം.

ഒരാളുടെ രക്തത്തിൽ വേണ്ട ഗ്ലൂക്കോസിന്റെ അളവ് എത്ര എന്ന നിഗമനത്തിലെത്തേണ്ടത് രോഗിയുടെ പ്രായം, രോഗത്തിന്റെ ദൈർഘ്യം, രോഗിക്കുള്ള മറ്റു രോഗങ്ങൾ തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഒരു ആർക്കിടെക്റ്റ് ഓരോ വ്യക്തിയുടെയും ആവശ്യം മനസിലാക്കി ഓരോ സ്ഥലത്തിനും അനുയോജ്യമായ വീട് രൂപകല്പന ചെയ്യുന്നപോലെ ഡോക്ടർ രോഗിക്കു വേണ്ടി ചികിത്സ രൂപകല്പന ചെയ്ത് നിർദ്ദേശിക്കുന്നു. ചികിത്സയെ സംബന്ധിച്ച് രോഗിയാണ് അവസാന തീരുമാനമെടുക്കേണ്ടത്. തീരുമാനമെടുക്കാൻ രോഗിയെ സഹായിക്കുകയാണ് ഡോക്ടർ ചെയ്യുന്നത്. ചുരുക്കത്തിൽ, പ്രമേഹചികിത്സ രോഗീ കേന്ദ്രീകൃതമാണ്. ഡോക്ടർ കേന്ദ്രീകൃതമല്ല.

**ഇൻസുലിനും ഗ്ലൂക്കോസും:** ശരീരത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നമ്മുടെ രക്തത്തിൽ ആവശ്യത്തിന് ഗ്ലൂക്കോസ് വേണം എന്നു പറഞ്ഞുവല്ലോ. ഭക്ഷണം കഴിക്കാതെയിരിക്കുമ്പോൾ പ്രധാനമായും കരൾ ഗ്ലൂക്കോസ് ഉൽപാദിപ്പിക്കുന്നു. ഭക്ഷണം കഴിച്ചു കഴിയുമ്പോൾ ഭക്ഷണത്തിൽനിന്ന് കൂടുതൽ ഗ്ലൂക്കോസ് കിട്ടുന്നു. ഇതോടൊപ്പം ശരീരത്തിലെ ഒരു അവയവമായ പാൻക്രിയാസിലെ



ബീറ്റാ കോശങ്ങൾ (beta cells of Islets of Langerhans) ഉത്തേജിക്കപ്പെടുന്നു. അപ്പോൾ ഇൻസുലിൻ എന്ന പദാർത്ഥം കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുന്നു. രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് പാകത്തിനു നിലനിറുത്തുന്നതിന് ഇൻസുലിൻ 1. കരളിലെ ഗ്ലൂക്കോസ് ഉൽപാദനം കുറയ്ക്കുന്നു. 2. പേശികളിലെ ഗ്ലൂക്കോസ് ഉപയോഗം കൂട്ടുന്നു.

ബീറ്റാ കോശങ്ങളുടെ പ്രവർത്തനം മോശമാകുമ്പോൾ ഇൻസുലിൻ ഉൽപാദനം കുറയുന്നു. കരളിലെ ഗ്ലൂക്കോസ് ഉൽപാദനം കുറയ്ക്കാനും പേശികളിലെ ഗ്ലൂക്കോസ് ഉപയോഗം കൂട്ടാനും ഉള്ള ഇൻസുലിന്റെ കഴിവും കുറയുന്നു. രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കൂടുന്നു. ഭക്ഷണം കഴിച്ചു കഴിയുമ്പോൾ ഭക്ഷണത്തിൽനിന്ന് ഗ്ലൂക്കോസ് കിട്ടുന്നു. രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് വീണ്ടും കൂടുന്നു. ഗ്ലൂക്കോസിന്റെ അളവ് തുടർച്ചയായി ഉയർന്നു നിൽക്കുമ്പോൾ അത് പ്രധാന അവയവങ്ങളുടെ പ്രവർത്തനത്തെ കാലക്രമേണ സാരമായി ബാധിക്കുന്നു.

**ബീറ്റാ കോശങ്ങളിലെ അമിത ഭാരം കുറയ്ക്കുക:** അമിത വണ്ണമുള്ള ഭുരിഭാഗം ടൈപ്പ് 2 പ്രമേഹരോഗികളുടെ കരളിലെയും പേശികളിലെയും ഇൻസുലിന്റെ പ്രവർത്തനം മോശമാണ്. അപ്പോൾ രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് കൂടും. അമിത വണ്ണം കുറച്ചാൽ ഇൻസുലിന്റെ പ്രവർത്തനം മെച്ചപ്പെടും. ഭക്ഷണനിയന്ത്രണം ഗ്ലൂക്കോസിന്റെ അളവ് പാകത്തിന് നിലനിറുത്തുവാനുള്ള ഒരു പ്രധാന നടപടിയാണ്. ഇങ്ങനെയുള്ള നടപടികൾ ബീറ്റാ കോശങ്ങളിലുണ്ടാകുന്ന അമിത ഭാരം കുറയ്ക്കും.

ബീറ്റാ കോശങ്ങളിലെ അധിക ഭാരം കുറയ്ക്കുന്നതിന് ആവശ്യത്തിൽക്കൂടുതൽ ഗ്ലൂക്കോസ് കരളിൽ ഉൽപാദിപ്പിക്കാതിരിക്കാനും ആവശ്യമുള്ളപ്പോൾ മാത്രം ഇൻസുലിൻ ഉൽപാദിപ്പിക്കാനും ചില രാസപദാർത്ഥങ്ങൾ (ഇൻക്രറ്റിൻ) ശരീരത്തിലുണ്ട്.

**എന്തുചെയ്യണം?** ഭക്ഷണം, വ്യായാമം രോഗത്തെപ്പറ്റിയുള്ള ബോധവൽക്കരണം എന്നിവയാണ് പ്രമേഹചികിത്സയുടെ അടിസ്ഥാനം. (വ്യായാമം തുടങ്ങുന്നതിനു മുമ്പ് വിദഗ്ദ്ധോപദേശം തേടുന്നത് നല്ലത്) തടയാൻ കഴിഞ്ഞില്ലെങ്കിലും പ്രമേഹത്തെ കണ്ടു പിടിച്ചാൽ രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് പാകത്തിനു നിലനിറുത്താൻ തീവ്രമായ ചികിത്സിക്കുക. അപ്പോൾ കണ്ണ്, വൃക്ക, നാഡീവ്യൂഹം എന്നിവയെ രോഗം ബാധിച്ച് ഉണ്ടാകാവുന്ന പ്രശ്നങ്ങൾ കുറയുന്നു. ഹൃദയധമനീ സംബന്ധമായ രോഗങ്ങൾ മൂലമുള്ള മരണവും കുറയുന്നു.

ഹൃദയരോഗങ്ങളെയും ധമനീ രോഗങ്ങളെയും തടയുക, അവയെ കണ്ടുപിടിച്ച് തീവ്രമായി ചികിത്സിക്കുക–അമിത രക്തസമ്മർദ്ദം ചികിത്സ, ലിപിഡ് ചികിത്സ, ആന്റി പ്ലേറ്റ്ലറ്റ് ചികിത്സ, പുകവലി ഉപേക്ഷിക്കുക – ഇങ്ങനെ ചെയ്യുന്നത് ശരീരത്തിന്റെ പ്രവർത്തനത്തിന് സുരക്ഷിതവും ശക്തവുമായ ഒരു കവചമായിരിക്കും. അപ്പോൾ മരണനിരക്ക് വീണ്ടും കുറയുന്നു.

**ശ്രദ്ധിക്കുക:** ചികിത്സയുടെ അടിസ്ഥാനശിലകളായ ഭക്ഷണം, വ്യായാമം, രോഗത്തെയും ചികിത്സയെയും പറ്റി ശരിയായ ബോധവൽക്കരണം എന്നിവയിൽ ശ്രദ്ധിക്കാതെ ജീവിതശൈലിയിൽ വേണ്ട മാറ്റം വരുത്താതെ പരിശോധനകളിലും മരുന്നിലും മാത്രം പലരും ശ്രദ്ധിക്കുന്നു. അപ്പോൾ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയില്ല.


വിദ്യകൊണ്ടറിയേണ്ടതറിയാതെ വിദ്വാന്മാരായി നടിക്കുന്നിതു ചിലർ... ജ്ഞാനപ്പാന (പൂന്താനം) എന്ന് ഓർമിക്കുക.

ബീറ്റാ കോശങ്ങളുടെ അമിത ഭാരം കുറച്ച് അവയുടെ പ്രവർത്തനക്കുറവു മൂലമുണ്ടാകാവുന്ന പ്രശ്നങ്ങൾ പലതും ഒഴിവാക്കാം, ചിലത് പരിഹരിക്കാം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അപ്പോൾ സങ്കീർണവും ഭയാനകവുമായ ഭവിഷ്യത്തുകളിലേക്കു–പടുകുഴിയിലേക്കു വീഴാതെ നോക്കാം. ഈ അവസരത്തിലെങ്കിലും ശ്രദ്ധിക്കാതിരുന്നാൽ അത് ശരീരത്തിന്റെ നാശത്തിലേക്കുള്ള വേഗത കൂട്ടും.

പലരും രോഗത്തെപ്പറ്റിയും രോഗം മൂലമുണ്ടാകാവുന്ന പ്രശ്നങ്ങളെപ്പറ്റിയും തെറ്റായി മനസിലാക്കുന്നതുകൊണ്ട് ആരോഗ്യം നഷ്ടപ്പെടുത്തുന്നു.അവയവങ്ങളുടെ പ്രവർത്തനം ഒരു പരിധിവരെ മോശമായാലും രോഗലക്ഷണം പുറമേ കാണുകയില്ല. വൈകിപ്പോകാതെ കാര്യങ്ങൾ ശരിയായി മനസിലാക്കി പ്രവർത്തിച്ചാൽ ശരീരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ആരോഗ്യം വീണ്ടെടുക്കാം, നിലനിറുത്താം. അതുകൊണ്ട് വിദഗ്ദ്ധോപദേശം സ്വീകരിക്കുക. ഈ കാര്യത്തിലേക്ക് ബൈബിൾ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഉള്ളവനു കൊടുക്കും അവനു സമൃദ്ധിയുണ്ടാകും ഇല്ലാത്തവനോടോ അവനുള്ളതും കൂടി എടുത്തുകളയും. അതുകൊണ്ട് കണ്ടിട്ടു കാണാതെയും കേട്ടിട്ടു കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളായി അവരോട് സംസാരിക്കുന്നു. (ബൈബിൾ–മത്തായി 13:12-13)

**ഓർമിക്കുക:** ശരിയായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രമേഹത്തെയും മറ്റു ജീവിതശൈലീ രോഗങ്ങളെയും മാറ്റി നിറുത്തുക. അതിന് ഈ ചിത്രത്തിലേക്ക് ശ്രദ്ധ തിരിക്കുക.




ഇനി മുതൽ നിങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും എന്തു മാറ്റമാണ് വരുത്തുവാൻ പോകുന്നത്?

Reference: Position Statement of the American Diabetes Association (ADA) and the European Association for the Study of Diabetes (EASD)

ലേഖനം

# വിവാഹം തിരുവചന വെളിച്ചത്തിൽ

**പ്രൊഫ. ഡി. മാത്യു,** തിരുവനന്തപുരം

**വി**ശുദ്ധ വേദപുസ്തകം ആരംഭിക്കുന്നതുതന്നെ ഒരു കുടുംബത്തിന്റെ ചരിത്രത്തോടു കൂടിയാണ്. ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്ന് ഉല്പത്തി 1:27 -ൽ കാണുന്നു. അവർ ഭാര്യാഭർത്താക്കൻമാരായി സുഖമായി ജീവിക്കണം എന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. ഈ ഭൂമിയും അതിലുള്ള ഓരോന്നും സൃഷ്ടിക്കുമ്പോൾ നല്ലത് എന്ന് ദൈവം കണ്ടു എന്നു നാം മനസ്സിലാക്കുന്നു. ദൈവം സൃഷ്ടിച്ച സകല മൃഗജാലങ്ങൾക്കും പേരിടുവാൻ ദൈവം ആദാമിനെ നിയോഗിച്ചു. മനുഷ്യൻ ഇട്ടത് അവയ്ക്കു പേരായി. (ഉല്പ. 2:19). മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. അവന് തക്കതായ തുണ ഉണ്ടാക്കിക്കൊടുക്കും എന്ന് യഹോവ അരുളി ചെയ്തു. മനുഷ്യന്റെ ജീവിതം അർത്ഥപൂർണ്ണമാകേണ്ടതിന് ഒരു പങ്കാളി ഉണ്ടാകണമെന്ന് ദൈവം തീരുമാനിച്ചു. തക്കതായ തുണ എന്ന പ്രയോഗം ശ്രദ്ധേയമാണ്. Suitable helper എന്ന് ഇംഗ്ലീഷിൽ കാണുന്നു. എന്നാൽ എബ്രായ ഭാഷയിൽ എസേർ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദം ദൈവത്തെക്കുറിച്ച് ഉപയോഗിക്കുന്നതാണ്. ദൈവം മനുഷ്യന് സഹായമായും അഭയമായും നിൽക്കുന്നതുപോലെ പുരുഷന് ഒരു സഹായമായും ഒരു അഭയമായും ഭാര്യ പെരുമാറേണ്ടതാണ്.

പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം എത്ര ദൃഢമാണ് എന്ന് വ്യക്തമാകുന്നത് വാരിയെല്ലിൽ നിന്ന് അവളെ സൃഷ്ടിച്ചു എന്നതുകൊണ്ടാണ്. ആദാം സ്ത്രീയെ നോക്കിക്കൊണ്ട് ഇവൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്ന് മാംസവുമാകുന്നു. എന്നു പറഞ്ഞു (ഉല്പ. 2:23). വാരിയെല്ലിൽ നിന്ന് സൃഷ്ടിച്ചതിനെപ്പറ്റി വേദപണ്ഡിതനായ മാത്യു ഹെൻറി ഇങ്ങനെ വിശദീകരിക്കുന്നു. പുരുഷന്റെ കാലിൽ നിന്നുള്ള അസ്ഥി എടുത്തിരുന്നെങ്കിൽ അവൻ അവളെ കാൽക്കീഴിലാക്കി ചവിട്ടിമെതിക്കുമായിരുന്നു. തലയിൽ നിന്നെടുത്താണ് സൃഷ്ടിച്ചതെങ്കിൽ അവൾ തലയിൽ കയറി വാഴുമായിരുന്നു. നട്ടെല്ലിൽ നിന്നാണ് എടുത്തതെങ്കിൽ അവളെ പിന്നിൽ മാത്രം നിർത്തി അവഗണിക്കുമായിരുന്നു. എന്നാൽ ഹൃദയത്തോടു ചേർന്നുള്ള വാരിയെല്ലിൽ നിന്ന് സ്ത്രീയെ സൃഷ്ടിച്ചതുകൊണ്ട് എപ്പോഴും അവൾ അവന്റെ ഹൃദയത്തോട് ചേർന്ന് ഒരു വശത്ത് അവനോടൊപ്പം നിൽക്കാൻ ഇടയാകുന്നു.

വീണ്ടും ദൈവം അരുളി ചെയ്യുന്നു.

"അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും. അവർ ഏകദേഹമായിത്തീരും" (ഉല്പ.2:24). ഈ വാക്യം പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം കൂടി ആവർത്തിക്കുന്നു എന്നതുതന്നെ ഈ ആശയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. മത്താ. 19:6 മർക്കോ. 10:8 എഫേ. 5:31 ഇത് വിവാഹ ശുശ്രൂഷാമദ്ധ്യേ രണ്ടു പ്രാവശ്യം നാം വായിച്ചു കേൾക്കുന്നു. ഈ വാചകത്തിൽ വിട്ടു പിരിയുക എന്ന് പറഞ്ഞാൽ മാതാവിനേയും പിതാവിനേയും ഉപേക്ഷിക്കുകയോ അവഗണിക്കുകയോ അല്ല. നേരെമറിച്ച് അവരിൽ നിന്ന് സ്വതന്ത്രമായി ഒരു പുതിയ കുടുംബം കെട്ടിപ്പടുക്കുന്നതിനായി സ്വന്ത പരിശ്രമത്തിലാകുക എന്നാണർത്ഥം. മാതാവിന്റെയോ പിതാവിന്റെയോ അടുക്കൽ വളരെ അടുത്ത ബന്ധം ഉള്ളതുകൊണ്ട് സ്വതന്ത്രമായി ചിന്തിക്കാൻ കഴിയാത്ത യുവതീയുവാക്കന്മാരുണ്ട്. വിവാഹം കഴിഞ്ഞാൽ അവരുടേതായ ഒരു പുതിയ സംവിധാനം-ഒരു പുതിയ കുടുംബം-രൂപപ്പെടുകയാണ്. അതിന് ഈ വിട്ടുപിരിയൽ ആവശ്യമാണ്. എന്നാൽ ഇത് ശരിയായി മനസ്സിലാക്കാനോ അംഗീകരിക്കാനോ കഴിയാത്ത മാതാപിതാക്കൾ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. അത് കുടുംബ ജീവിതത്തെ ബാധിക്കുകയും ചെയ്യുന്നു. തങ്ങളെ വളർത്തിയ മാതാപിതാക്കളോട് മക്കൾ അവരുടെ ആവശ്യങ്ങൾ യഥാവസരം നിറവേറ്റുന്നതിന് വളരെ ശ്രദ്ധിക്കണം.

ഇരുവരും ഏകദേഹമായിത്തീരും എന്ന പ്രസ്താവന വിവാഹബന്ധത്തിന്റെ ദൈവശാസ്ത്രത്തിലേക്കും ശാരീരികബന്ധത്തിലേക്കും വിരൽ ചൂണ്ടുന്നതാണ്. അവർ രണ്ടുപേരും വേർപെടുത്താൻ സാദ്ധ്യമല്ലാത്തവിധത്തിൽ പറ്റിച്ചേരുന്നു. അവർ ഒരു ശരീരമായിത്തീരുന്നു എന്നു പറഞ്ഞാൽ അവർ ഐക്യബോധത്തിൽ വന്നു ചേരുന്നു എന്നർത്ഥം. വിവാഹശേഷം അവർക്ക് ഒരേ വീക്ഷണവും ഒരേ വിശ്വാസവും ആയിരിക്കണം. ഓരോരുത്തരും 'ഞാൻ', 'എന്നെ' എന്ന ചിന്ത വെടിഞ്ഞിട്ട് 'ഞങ്ങൾ' എന്ന ചിന്തയിലേക്ക് വരണം. അവിടെ സ്വയം ഇല്ലാതാകുകയും ഒന്നായ മനസ്സും ചിന്തയും വളരുകയും വേണം.

### കർത്താവ് വിവാഹത്തെക്കുറിച്ച് എന്തു പറയുന്നു?

മത്തായി 19:3-12 വരെയുള്ള ഭാഗമാണ് നാം വിശുദ്ധ വിവാഹ

കൂദാശയിൽ വായിച്ചു കേൾക്കുന്നത്. പരീശൻമാർ അവന്റെ അടുക്കൽ വന്ന് വിവാഹമോചനത്തെപ്പറ്റി ചോ ദിക്കുന്നതിന് മറുപടിയായിട്ടാണ് യേശു ചില കാര്യങ്ങൾ പറഞ്ഞത്. വളരെ വ്യക്തമായി വിവാഹത്തെക്കുറച്ച് അഞ്ചുകാര്യങ്ങൾ കർത്താവ് പറയുന്നുണ്ട്. വിവാഹം ദൈവം കൂട്ടിച്ചേർക്കുന്നതാണ്. ഭാര്യാഭർത്താക്കൻമാർ രണ്ടല്ല, അവർ ഒരു ദേഹമത്രെ. വിവാഹമോചനം അനുവദിക്കുന്നില്ല. കാരണം, ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത്. വിവാഹം എല്ലാവർക്കും നിർബന്ധമില്ല. വിവാഹം ദൈവം നല്കുന്ന ഒരു വരമാണ്. വിവാഹം ഈ ഭൂമിയിലാണ് നടക്കുന്നത് എങ്കിലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതിന് സ്വർഗ്ഗീയമായ ഒരു അടിസ്ഥാനമുണ്ട്. ആദിയിൽ അങ്ങനെയായിരുന്നില്ല എന്ന് കർത്താവ് പറയുന്നുണ്ട്. വിവാഹം ചെയ്യാതെ ദൈവനന്മയ്ക്കു വേണ്ടി സ്വയം ത്യജിക്കുന്നവരെ പ്രത്യേകം പരാമർശിക്കുന്നു. മരണം വരെ ഒന്നിച്ച് ജീവിക്കാൻ ദൈവം അനുഗ്രഹിച്ച് കൂട്ടിച്ചേർക്കുന്നവർ യാതൊരു കാരണവശാലും വേർപിരിയാൻ പാടില്ല എന്നാണ് കർത്താവ് പഠിപ്പിച്ചത്.

### അപ്പൊസ്തലനായ വിശുദ്ധ പൗലോസ് എന്തു പറയുന്നു?

പൗലോസ് അപ്പൊസ്തലൻ അവിവാഹിനായിരുന്നുവെങ്കിലും ദാമ്പത്യബന്ധത്തിന്റെ പ്രാധാന്യവും അവരുടെ കർത്തവ്യവും ചുമതലകളും നന്നായി പഠിക്കുകയും വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്നു. വിവാഹ ബന്ധത്തെ അശുദ്ധമെന്ന് കരുതിയിരുന്നവരോടാണ് പൗലോസ് പറയുന്നത്. വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവുമായിരിക്കട്ടെ. (എബ്രാ. 13:4). ഭർത്താവ് ഭാര്യയോടുള്ള ദാമ്പത്യധർമ്മം നിറവേറ്റണം. അതുപോലെതന്നെ ഭാര്യയും. ഭാര്യയുടെ ശരീരത്തിൻമേൽ അവർക്കല്ല അധികാരം; ഭർത്താവിനാണ്. ഭർത്താവിന്റെ ശരീരത്തിൻമേൽ അവനല്ല ഭാര്യയ്ക്കാണ് അധികാരം (1കൊരി. 7:3-4).

വിവാബഹ കൂദാശയിൽ നാം വായിച്ചു കേൾക്കുന്ന എഫെ. 5:21-33 ഭാഗത്ത് വി. പൗലോസ് ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഭംഗിയായി പ്രതിപാദിക്കുന്നു.

ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള ബന്ധം ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധംപോലെ ദൃഢമാണ്. പവിത്രമാണ്.

ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു.

ഭാര്യമാർ ഭർത്താക്കൻമാർക്ക് സകലത്തിലും കീഴടങ്ങണം.

ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെസ്നേഹിക്കണം.

ഭർത്താക്കൻമാർ ഭാര്യമാരെ സ്വന്ത ശരീരം പോലെ സ്നേഹിക്കണം.

ഭാര്യ ഭർത്താവിനെ ആദരിക്കുകയും അംഗീകരിക്കുകയും വേണം.

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

ദോഷവും. എല്ലാം ഞാൻ മൂലം. ഏതായാലും സംഭവം 25 വർഷം മുമ്പായത് എന്റെയും സ്കൂളിന്റെയും ഭാഗ്യം!

ചില അധ്യാപകരെ എനിക്കറിയാം. നല്ല വിവരമുള്ളവർ. ലളിതമായി കാര്യങ്ങൾ പറഞ്ഞു കൊടുക്കും. പക്ഷേ ക്ലാസ്സ്, നിയന്ത്രിക്കാനാവാത്തതു നിമിത്തം ബോധനം ഫലപ്രദമല്ല. ഉറച്ച ശബ്ദവും, തുളച്ചു കയറുന്ന നോട്ടവും, നിലവിടാതെയുള്ള പെരുമാറ്റ സംസാരങ്ങളും വിഷയ സംബന്ധമായ അറിവും, അത്യാവശ്യം നർമ്മവും ഉള്ള ഒരധ്യാപകന് വടി അധികമായി ഉപയോഗിക്കേണ്ടി വരില്ല.

ഒരിക്കൽ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന അവളുടെ ചേച്ചി എന്റെ മുമ്പിൽ കൊണ്ടു വന്നു. കുഞ്ഞിന്റെ ഇടതു കൈക്കുഴ വല്ലാതെ നീരു വച്ചിരിക്കുന്നു. എന്തുപറ്റിയതാണെന്നു ചോദിച്ചപ്പോൾ ടീച്ചർ അടിച്ചതാണെന്നു പറഞ്ഞു. ഞാൻ ക്ലാസ്സ് ടീച്ചറെ വിളച്ചന്വേഷിച്ചപ്പോൾ ആ കുട്ടിയെ തല്ലുകയോ വഴക്കു പറയുകയോ ചെയ്തിട്ടില്ലെന്നായിരുന്നു മറുപടി. ഇതിനിടയിൽ കുട്ടിയുടെ മാതാപിതാക്കൾ പോലീസിൽ ടീച്ചർക്കെതിരെ പരാതിപ്പെടുകയും ചെയ്തു.അധ്യാപക സംഘടനക്കാർ കേസിന് ആക്കം കൂട്ടാൻ ശ്രമിച്ചു. ഞാൻ കുട്ടി പഠിക്കുന്ന ക്ലാസിൽ പോയി കുട്ടിയെ ടീച്ചർ ശിക്ഷിക്കുന്നതായി കണ്ടോ എന്നു തെരക്കി. ആരും കണ്ടവരില്ലായിരുന്നു. ഒടുവിൽ ഞാൻ കുട്ടിയെ വിളിച്ചു വളരെ സ്നേഹമായി അന്വേഷിച്ചപ്പോൾ രാവിലെ കുളിക്കാൻ പോയപ്പോൾ പാറയിൽ തെന്നി കൈകുത്തിവീണതു മൂലം സംഭവിച്ചതാണെന്ന സത്യം പറഞ്ഞു. കുട്ടി വീണതിനാൽ ചേച്ചിയെയും അച്ഛനമ്മമാർ വഴക്കു പറയാനിടയുള്ളതിനാൽ അവൾ കുട്ടിക്കു പറഞ്ഞു കൊടുത്തവിദ്യയായിരുന്നു ടീച്ചർ അടിച്ചതാണെന്നു പറയാൻ. ഈ വസ്തുത മാതാപിതാക്കളുടെ മുമ്പിൽ വച്ചു കുട്ടിയും ചേച്ചിയും സമ്മതിച്ചതോടെ പരാതിയും തീർ ന്നു. ഇന്നത്തെപ്പോലെ മാധ്യമ അതിപ്രസരമുണ്ടായിരുന്നെങ്കിൽ ഇതൊക്കെ വൻ വാർത്തകളായി പരിണമിക്കുമായിരുന്നു. നിജസ്ഥിതി അറിയാതെയുള്ള മാധ്യമപ്രചാരണം എത്രപേരെയാണ് വേദനിപ്പിക്കുന്നത്! പ്രശംസയും ശിക്ഷയും (praise and punishment) ബോധനപ്രക്രിയയിൽ അംഗീകരിക്കപ്പെട്ട ഉപാധികളാണ്. ഇതിൽ ശിക്ഷയെ കുറ്റകരമാക്കുന്നത് ശരിയല്ല. ശിക്ഷനീതിപൂർവ്വം (judicious) ആയിരിക്കണമെന്നു മാത്രം. 'Spare the rod; spoil the child' എന്ന് വി. വേദപുസ്തകം പറയുന്നു. ആവശ്യം വന്നാൽ കളിയാ

ക്കുന്നതിനും അധ്യാപർക്ക് അനുവാദം നൽകേണ്ടതാണ്. ഒരധ്യാപകനും അതു ദുരുപയോഗപ്പെടുത്തുകയില്ലെന്നൊന്നും ഞാൻ പറയില്ല.

കൂട്ടുകാരി സ്കൂൾ മാറിയപ്പോൾ അതിനൊപ്പം പ്രവർത്തിക്കാൻ അനുവദിക്കാത്തതിന് അപ്പനമ്മമാരോട് ആത്മഹത്യയിലൂടെ പകതീർത്ത+2 വിദ്യാർത്ഥിനിയെ എനിക്കറിയാം.ഇടക്കിടക്ക് ഒരോ അടിയും, കളിയാക്കലും, ശകാരവുമൊക്കെ ഏറ്റുവാങ്ങിവളർന്നിരുന്നെങ്കിൽ അതു സംഭവിക്കില്ലായിരുന്നു. എന്നു വേണം കരുതാൻ. ചെറുപ്പക്കാരികൾ ജീൻസ് ധരിക്കുന്നതിനെതിരെ സൗമ്യമായി പ്രതികരിച്ച ഗാനഗന്ധർവ്വനെ ചുറ്റിപ്പടർന്ന കടുത്ത വിമർശനാഗ്നി ഇന്നും കെട്ടടങ്ങിയിട്ടില്ല. പാട്ടിന്റെ ലോകമല്ലാതെ മറ്റൊന്നും അദ്ദേഹം കണ്ടിട്ടില്ല എന്നുവരെയായി ആ എഴുപതുകാരൻ ലോകസഞ്ചാരിയെക്കുറിച്ചുള്ള വിധിയെഴുത്ത്. ഏതായാലും മാതാപിതാക്കളോ അദ്ധ്യാപകരോ ചുള്ളിവടിയെടുത്താൽ ലാത്തിക്കാരെ വിളിക്കുന്ന സംസ്കാരം നമുക്ക് ആവശ്യമുണ്ടോ എന്ന് ആലോചിക്കേണ്ടതുണ്ട്. പഠിപ്പിക്കുന്നതിനിടയിൽ ചങ്ങാതിയോടു സംസാരിച്ചാൽ പട്ടിക്കൂട്ടിലടക്കുന്ന ശിക്ഷാരീതിയെ അംഗീകരിക്കുന്നതായി മുദ്രകുത്തുകയുമരുതേ! എന്നാൽ ചില അസുരവിത്തുകളെ കൈകാര്യം ചെയ്യാൻ അല്പം മൂന്നാംമുറ അനിവാര്യമായി കണ്ടിട്ടുണ്ട്. തിരുത്തൽ ശ്രമമെന്ന സദ്ദുദ്ദേശ്യത്തോടെ നൽകുന്ന അപകടരഹിതവും ഗുണകരവുമായ ലഘുവായ ശിക്ഷാ രീതികൾ വിവേകപൂർവ്വം അവലംബിക്കാൻ മാതാപിതാക്കളെയും ഗുരുജനങ്ങളെയും അനുവദിക്കണമെന്നു മാത്രമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഒപ്പം തന്നെ വാർത്തകൾക്കുവേണ്ടി പരക്കം പായുന്ന മാധ്യമ റിപ്പോർട്ടർമാർ സത്യാവസ്ഥ തിരിച്ചറിഞ്ഞു മാത്രം ആരോപണങ്ങൾ ഉയർത്തുന്നതിനുള്ള നീതിബോധവും ആർജ്ജവവും പ്രകടമാക്കണമെന്നും അപേക്ഷിക്കുന്നു.

*ഗീതപഠനം*

# മന്നമകൾക്കായി.......

**വി. പി.**

**സാഹിത്യം :** 'മന്നമകൾക്കായി ശ്ലോമ്മോ
വന്നേകി ദൂതവരൻ
നിന്നൊടുകൂടെൻ നാഥൻ
നിന്നിൽ തന്നുദയമതും, ബാറക്മോർ.'

**ആമുഖം:** വി. കുർബ്ബാനയിലെ ധൂപപ്രാർത്ഥനകളിൽ ദൈവമാതാവായ മറിയാമിനെ സ്മരിക്കുന്ന ഒരു ഗീതമാണിത്. കന്യകമറിയാമിനോടു ഗബ്രിയേൽ മാലാഖ വഴി പുത്രൻ തമ്പുരാന്റെ മനുഷ്യാവതാര വാർത്ത അറിയിക്കുന്നതിന്റെ അനുസ്മരണമാണിത്. മറിയാം ദാവീദു വംശജയായിരുന്നു. അതിനാൽ രാജപുത്രിയാണ്. അവളെയാണ് തന്റെ മനുഷ്യാവതാരത്തിന് മാതാവായി ദൈവം തിരഞ്ഞെടുത്തത്. ഈ സദ്വാർത്ത അവളെ അറിയിക്കാൻ ദൈവം നിയോഗിച്ചത് ദൂതത്തലവനായ ഗബ്രിയേലിനെയാണ്. ഗബ്രിയേൽ മറിയത്തിനു മുമ്പിൽ പ്രത്യക്ഷനായി അവൾക്ക് സമാധാനം ആശംസിക്കുന്നു. തുടർന്നാണ് സർവ്വലോകത്തിനും സന്തോഷകരമായ ആ വാർത്ത അവളെ അറിയിക്കുന്നത്. തന്റെ പ്രഭു അവളിൽ മനുഷ്യ ജന്മം എടുക്കാൻ പോകുന്നു എന്നതായിരുന്നു ആ വാർത്ത. അതിന്റെ സ്മരണയാണ് ഈ ചെറുഗീതം.

**വാക്കർത്ഥം**

| | |
|---|---|
| മന്നൻ | : രാജാവ് |
| മന്നമകൾ | : രാജപുത്രി (രാജകുമാരി) |
| ശ്ലോമ്മോ | : സമാധാനം . ഏകി – നൽകി |
| വന്നേകി | : വന്നുന നൽകി |
| ദൂതൻ | : സന്ദേശവാഹകൻ, മാലാഖ |
| ദൂതവരൻ | : മാലാഖാശ്രേഷ്ഠൻ |
| നിന്നൊടു കൂടെ + എൻ | : നിന്നൊടുകൂടെൻ |
| നാഥൻ | : കർത്താവ്, പ്രഭു, ഉടയവൻ |
| ഉദയം | : പ്രത്യക്ഷപ്പെടൽ, പിറവി |
| തന്നുദയം | : തന്റെ പിറവി |

**കൂട്ടർത്ഥം :** ദൂതത്തലവൻ (ഗബ്രിയേൽ മാലാഖ) വന്ന് രാജപുത്രി (മറിയം)ക്ക് സമാധാനം ആശംസിച്ചുകൊണ്ടു പറഞ്ഞു. "എന്റെ കർത്താവ് നിന്നോടു കൂടെ നിന്നിൽ നിന്നു തന്നെയാണ് അവൻ മനുഷ്യ ജന്മമെടുക്കുന്നത്."

**വിശദീകരണം:**

ദാവീദു വംശജയായ കന്യകമറിയാമിനെ തിരുപിറവിയുടെ സന്ദേശം അറിയിക്കാൻ ദൈവം നിയോഗിച്ചത് ഗബ്രിയേൽ മാലാഖയെ ആയിരുന്നല്ലോ. മനുഷ്യ ജന്മമെടുക്കുക എന്നത് പിതാവാം ദൈവം ആവിഷ്ക്കരിച്ച രക്ഷാപദ്ധതിയുടെ ആദ്യപടിയായിരുന്നു. അത് ദൈവത്തെ സംബന്ധിച്ചിടത്തോളം എളിമപ്പെടലിന്റെ ഏറ്റവും കടുത്ത നടപടിയായിരുന്നു. അപരിമേയനായ ദൈവം കേവലം ഒരു മനുഷ്യനായി സ്വയം പരിമിതപ്പെടുക സപ്തസാഗരങ്ങൾ ഒരു ജലകണമായി മാറുന്നതിനേക്കാൾ വലിയ നിസാരവല്ക്കരണമാണ്. എളിമയുടെയും ത്യാഗത്തിന്റെയും ഏറ്റവും വലിയ നിദർശനം. ആ പ്രക്രിയയ്ക്ക് തന്നെയാണ് തിരഞ്ഞെടുത്തിരിക്കുന്നത് എന്നറിയുമ്പോൾ അത് സ്വാഭാവികമായും കന്യകയായ മറിയാമിൽ സംഭ്രമം ജനിപ്പിക്കുമെന്ന് ഗബ്രിയേലിനറിയാം. അതുകൊണ്ടാണ് മാലാഖ അവൾക്ക് മുന്നമേ സമാധാനം ആശംസിക്കുന്നത്. തുടർന്ന് പ്രപഞ്ച വിധാതാവ് അവളിൽ നിന്നു ജന്മമെടുക്കാൻ പോകുകയാണെന്ന സത്യം അറിയിക്കുന്നു. ഈ മഹാസന്ദേശത്തിന്റെ അനുസ്മരണമാണ് ഈ ഹ്രസ്വഗീതത്തിൽ സംക്ഷേപിച്ചിരിക്കുന്നത്. ഇത് നാം ചൊല്ലുന്ന സമയത്ത് മനുഷ്യാവതാരം എന്ന മഹാസംഭവമോർത്ത് ധ്യാനിക്കേണ്ടതാണ്.

ലേഖനം

# വിഷം പുരട്ടിയ നന്ദി

ഡോ. ചാണ്ടി പോൾ

പ്രശസ്തമായ ആതുരാലയം. പ്രഗത്ഭരായ ചികിത്സകർ. നല്ല പരിശീലനം നേടിയ പരിചാരകർ. കുറ്റമറ്റ സജ്ജീകരണങ്ങൾ. എന്നിട്ടും അങ്ങനെ സംഭവിച്ചു: ശസ്ത്രക്രിയാമേശമേൽ മയക്കിക്കിടത്തിയിരുന്ന രോഗിയുടെ അരോഗമായ കണ്ണ് നീക്കം ചെയ്തു. രോഗബാധിതമായ കണ്ണിനു പകരം! ഈ സംഭവം ചികിത്സാരംഗത്തെ പിടിച്ചുലച്ച ഒന്നായിരുന്നു. അബദ്ധവശാലല്ല, അശ്രദ്ധ കൊണ്ട് ഒരാൾ ശിഷ്ടായുസു മുഴുവൻ അന്ധനായി കഴിയേണ്ടി വരിക! ഇതുപോലെ വേറെയും സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എത്ര കനത്ത നഷ്ട പരിഹാരത്തുക കൊണ്ടും നൽകാൻ കഴിയുന്നത് ഭാഗികമായ ആശ്വാസം മാത്രം! കാരണം, നഷ്ടത്തിന്റെ വില ഇത്തരം കാര്യങ്ങളിൽ നിർണ്ണയാതീതമാണ്. ഇവിടെ പിഴവുകൾ മനുഷ്യസഹജമാണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാനും ആവില്ല. കനത്ത ശിക്ഷതന്നെ സ്വീകരിച്ചേ തീരൂ.

എന്നാൽ വൈദ്യശാസ്ത്രരംഗത്തെ പരാജയങ്ങളെയെല്ലാം 'പിഴവുകൾ' എന്നെണ്ണി ചികിത്സകന്റെ രക്തവും മാംസവും തന്നെ പകരമായി കിട്ടണമെന്നു പറയുന്ന പ്രവണത അടുത്തകാലത്ത് വളർന്നിരിക്കുന്നു. ചികിത്സയുടെ പ്രക്രിയയിൽ സ്വാഭാവികമായിത്തന്നെ അടങ്ങിയിരിക്കുന്ന ഒന്നാണ് അപകടസാധ്യത. ഈ സത്യത്തെപ്പറ്റി സാമാന്യജനത്തിന് വേണ്ടത്ര അറിവില്ല. ഈ അജ്ഞത വരുത്തിവയ്ക്കുന്ന വിനകൾ കുറച്ചൊന്നുമല്ല. ഇതൊക്കെ അറിഞ്ഞിരുന്നിട്ടും അറിയില്ലെന്ന് നടിക്കുന്ന സ്ഥാപിത തൽപരരുടെ കളികളാണ് ഏറെ അപകടകരം.

വളരെ ചുരുക്കം ചിലരിൽ, അത്യസാധാരണമായ പ്രതികൂല പ്രതികരണങ്ങൾ ഉണ്ടാക്കുന്ന ചില ഔഷധങ്ങളുണ്ട്. പെനിസിലിൻ കുടുംബത്തിൽപെട്ട മരുന്നുകൾ ഒരുദാഹരണമാണ്. പരീക്ഷിച്ചുനോക്കാൻ വേണ്ടി നൽകുന്ന അതിസൂക്ഷ്മമായ മാത്ര (Test dose) പോലും മാരകമായി ത്തീർന്ന സംഭവങ്ങളുണ്ട്. പരീക്ഷിച്ചുനോക്കി സുരക്ഷിതമെന്നു കണ്ട് ഉപയോഗിച്ചു തുടങ്ങിയ മരുന്നും പിന്നീട് ശക്തമായ പ്രതികൂല പ്രതികരണം ഉണ്ടാക്കിയെന്നു വരാം. വളരെ ഫലപ്രദമായി അനുഭവപ്പെട്ടിട്ടുള്ള (താരതമ്യേന വിലക്കുറവുള്ള) ഇത്തരം മരുന്നുകൾ തീർത്തും ഉപേക്ഷിക്കാവുന്ന നിലയിൽ നമ്മൾ എത്തിയിട്ടുമില്ല. പേപ്പട്ടി വിഷാണുവിനെതിരെ കുത്തിവയ്ക്കാനുപയോഗിച്ചു വരുന്ന മരുന്ന് അനേകായിരത്തിൽ ഒരാൾക്ക് മസ്തിഷ്കത്തിനോ നാഡീവ്യൂഹത്തിന്റെ ഇതരഭാഗങ്ങൾക്കോ മാംസപേശികൾക്കോ ശാശ്വതവൈകല്യം വരുത്തിവെച്ച സംഭവങ്ങളുണ്ട്. ഈ അപകട സാധ്യതയില്ലാത്ത ഔഷധം ഇപ്പോൾ ലഭ്യമാണ്. പക്ഷേ, അതിന്റെ വില പാവപ്പെട്ടവർക്ക് താങ്ങാവുന്നതല്ല. ഈ മരുന്ന് സൗജന്യമായി നൽകാനുള്ള സർക്കാർ സംവിധാനമൊന്നും നിലവിലില്ല. ശസ്ത്രക്രിയയ്ക്കുവേണ്ടി മയക്കാനും മറ്റുമുപയോഗിക്കുന്നവ ഉൾപ്പെടെ ചില ഔഷധങ്ങൾ അപകടകാരികളായേക്കാം. എത്ര മാത്രം ശ്രദ്ധയോടെ കൈകാര്യം ചെയ്താലും അവിചാരിതമായി നേരിടേണ്ടി വരുന്ന ചില പ്രതിസന്ധികളെ തരണം ചെയ്യാൻ ചിലപ്പോൾ കഴിഞ്ഞെന്നു വരില്ല. നൂറുശതമാനം സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്ന ഒരു സംവിധാനവും ഇല്ല എന്നതാണ് സത്യം.

### ചോരയ്ക്കുവേണ്ടി

വൈദ്യശാസ്ത്രത്തിന്റെ പരിമിതകൾ വേണ്ടതുപോലെ അറിയാതെ, മരിച്ചുപോയ രോഗിയുടെ ബന്ധുമിത്രാദികൾ (കലഹത്തിൽ നിന്ന് മുതലെടുക്കുന്ന അന്യരും) അത്യാചാരങ്ങൾക്ക് പുറപ്പെട്ട സംഭവങ്ങൾ ഏറെയുണ്ട്. മുൻകോപവും തെറ്റായ ധാരണകളും മാത്രമല്ല, ദുരുപദേശവും അപക്വമതികളുടെ ആഴമില്ലാത്ത അഭിപ്രായ പ്രകടനങ്ങളും യാതൊരടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾക്കും അതേത്തുടർന്നുള്ള ബഹളങ്ങൾക്കും വിത്തുപാകുന്നു. സ്തോഭജനകമായ വിഭവങ്ങളുണ്ടാക്കി വിളമ്പുന്ന മാധ്യമങ്ങളുണ്ട്. അവ ബഹുജനങ്ങൾക്കും പ്രിയങ്കരമാണ്. സത്യം തിരിച്ചറിയുമ്പേഴേക്കും നാശങ്ങൾ മുഴുവനും ഉണ്ടായിക്കഴിഞ്ഞിരിക്കും.

അടുത്തകാലത്തായി ആരോഗ്യ പരിപാലന രംഗത്ത് നഷ്ടപരിഹാര കേസുകളുടെ എണ്ണം കൂടിയിരിക്കുന്നു. ജനങ്ങൾക്ക് കൂടുതൽ സംരക്ഷണം നൽകാൻ നിയമത്തിന്റെ കരങ്ങൾ നീണ്ടുവരുന്നത് നല്ലതുതന്നെ. എന്നാൽ ചിലപ്പോഴെങ്കിലും ഈ വഴിക്കുള്ള നീക്കത്തിന് നേരത്തേ സൂചിപ്പിച്ചതുപോലെ ഒരുതരം രക്തദാഹത്തിന്റെ പരിവേഷം കൈവരുന്നു. ഈ പോക്ക് അപകടകരമാണ്. ആത്മഹത്യാപരവും തന്റെ ഓരോ രോഗിയിലും ഒരു ഭാവിപ്രതിയോഗിയെ കണ്ടുകൊണ്ട് ചികിത്സിക്കേണ്ടി വരുന്നത് ഡോക്ടർക്ക് മാത്രമല്ല, രോഗിക്കും നിർഭാഗ്യകരമായ ഒരസ്ഥയാണ്. പ്രതിരോധത്തിൽ ഊന്നുന്ന ചികിത്സയ്ക്ക് പല പരിമിതികളുമുണ്ട്. എന്നുവച്ച് ചികിത്സകന്റെ ഭാഗത്തുനിന്ന് അനാസ്ഥയുണ്ടായാൽ രോഗി അത് സഹിച്ചുകൊള്ളണമെന്നല്ല, വിവേകത്തിന്റേതായ ഒരു മധ്യമാർഗ്ഗമാണ് സമൂഹം സ്വീകരിക്കേണ്ടത്. കള്ളക്കേസുകൾ ഉൾപ്പെടെ എല്ലാറ്റിനും ശരവ്യനാകുന്നവൻ മാത്രം കുരിശു ചുമക്കേണ്ടി വരുന്ന, ക്രൂശി

ക്കപ്പെടുന്ന ഇന്നത്തെ സമ്പ്രദായം വികലമാണ്. ആരോപണം കെട്ടിച്ചമച്ചതാണെന്നു തെളിഞ്ഞാൽ പ്രതിയെ വെറുതെ വിടുന്നതുകൊണ്ടു മാത്രം നീതി നടപ്പാകുന്നില്ല. കള്ളപരാതി ഉന്നയിച്ചവൻ അതിനുതക്കതായ ശിക്ഷ അനുഭവിച്ചേ തീരൂ. നിർദോഷിയായ പ്രതിക്ക് ശരിയായ നഷ്ടപരിഹാരം നൽകേണ്ടതുമാണ്.

നല്ലവർ സമൂഹത്തിൽ കുറവാണെന്ന് സമ്മതിക്കാം. എന്നാൽ തീരെയില്ലെന്നു പറയുന്നത് ഒന്നുകിൽ മനഃപൂർവ്വം അല്ലെങ്കിൽ ദോഷൈകദൃഷ്ടികൊണ്ട്. അതിസൂക്ഷ്മമായ ഈ ന്യൂനപക്ഷമാണ് അല്പമെങ്കിലും ഉപ്പുചേർത്ത് ഈ ഭൂമിക്ക് സ്വാദുണ്ടാക്കുന്നത്. ഇവരുടെ വംശം കുറ്റിയറ്റു പോകുന്നത് മനുഷ്യസമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്.

**ബലിയാടുകളുടെ കഥ**

സമർത്ഥനായ വിദ്യാർത്ഥിയും പാഠ്യേതര വിഷയങ്ങളിൽ പ്രവീണനുമായിരുന്ന തന്റെ പൂർവ്വകാലം ഇന്നും ഒരു മധുരസ്മരണയായി ആ ഡോക്ടറുടെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു. ഒരുൾനാടിന്റെ സന്തതി. വീട്ടുകാർക്കും നാട്ടുകാർക്കും കണ്ണിലുണ്ണി. ഓരോ പരീക്ഷയും പ്രശസ്തമായി ജയിച്ച് ഒടുവിൽ മിടുക്കിന്റെ മിഴിവിൽ തന്നെ മെഡിക്കൽ കോളജിൽ പ്രവേശനം നേടിയപ്പോൾ എന്ത് സന്തോഷമായിരുന്നു! ജീവിതത്തിൽ എന്തൊക്കെയോ നേടി എന്നൊരു തോന്നൽ. എം.ബി.ബി.എസ്. നുശേഷം ബാലചികിത്സയിൽ പ്രത്യേകം ബിരുദമെടുത്തു. വർണ്ണത്തൂവലുകളോടെ പുറത്തിറങ്ങിയപ്പോൾ പല മോഹങ്ങളുമുണ്ടായിരുന്നു.

കഷ്ടകാലത്തിന് വന്നുപെട്ടത് കേരളാ ആരോഗ്യവകുപ്പിൽ. അർപ്പണബോധത്തോടെ കഠിനാദ്ധ്വാനം ചെയ്യാൻ ഒരുക്കം. ഏതമ്മയ്ക്കും തന്റെ കുഞ്ഞ് പൊൻകുഞ്ഞു തന്നെയാണെന്ന് പൂർണ്ണബോദ്ധ്യമുള്ളവൻ. ആദ്യ നിയമനം കിട്ടിയത് ഒരു കുഗ്രാമത്തിലെ ചെറിയ ആതുരാലയത്തിൽ. ഇല്ലായ്മകളാണല്ലോ സർക്കാർ ആതുരാലയങ്ങളുടെ മുഖമുദ്ര. അവയിൽ തന്നെ ഏറ്റവും പരാധീനം ഉൾനാടുകളിലുള്ളവ. രോഗികളേക്കാൾ ആതുരമായ ആതുരാലയങ്ങൾ!

പരിമിതികൾ പലതുണ്ടായിട്ടും കുറച്ചുകാലം കൊണ്ട് ഡോക്ടർ ഗ്രാമവാസികൾക്ക് പ്രിയങ്കരനായി. അപ്പോഴാണ് ഡോക്ടർക്ക് ഒരു താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് മാറ്റം. അവിടെയും കുറച്ചു കാലം കൊണ്ട് ശ്രദ്ധേയനായി.

ഒരു ദിവസം വയറിളക്കം ബാധിച്ച ഒരു കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗിക്ക് ശരീരത്തിൽ നിന്ന് നഷ്ടപ്പെടുന്ന ജലാംശവും ധാതുലവണങ്ങളും വീണ്ടെടുക്കാൻ വേണ്ടി ഓറൽ റീ ഹൈഡ്രേഷൻ ദ്രാവകം കുഞ്ഞിന് കൊടുക്കാനായിരുന്നു ഡോക്ടറുടെ നിർദ്ദേശം. രോഗനില തുടർച്ചായി കുറെ സമയം ശ്രദ്ധിച്ചതിനുശേഷം ആവശ്യമെങ്കിൽ മാത്രം ഔഷധങ്ങൾ നേരിട്ട് രക്തത്തിലേക്ക് കുത്തിവച്ചു കൊടുക്കാനും നിശ്ചയിച്ചു.

ആശുപത്രിയിൽ പ്രവേശിപ്പിച്ച ഉടൻ കുത്തിവയ്പ് നൽകാതിരുന്നത് ചികിത്സയിലുള്ള ഉപേക്ഷാമനോഭാവം കൊണ്ടാണെന്ന് ധരിച്ചവശനായ കുഞ്ഞിന്റെ പിതാവ് രാത്രിയിൽ ഒളിച്ചു നിന്ന് പത്തൽകൊണ്ട് ഡോക്ടറുടെ തലയ്ക്കടിച്ചു. ബോധരഹിതനായി വീണുപോയ ഡോക്ടറെ മസ്തിഷ്ക നാഡീരോഗ വിദഗ്ദ്ധന്റെ പരിചരണത്തിൽ ആശുപത്രിയിലാക്കി. കുറെ ദിവസം കൊണ്ട് ശാരീരികമായി രോഗമുക്തനായെങ്കിലും മനസ്സിനേറ്റ പരിക്ക് ഉണങ്ങാതെ കിടന്നു. താനോ കുടുംബാംഗങ്ങളോ വീണ്ടും ആക്രമിക്കപ്പെട്ടേക്കാമെന്ന ഭീതിയുടെ നിഴലിൽ ആ ക്രിമിനൽ കേസിൽ വേണ്ടതുപോലെ മൊഴികൊടുക്കുവാൻ പോലും ഡോകടർക്ക് കഴിയാതെ പോയി. ഭീഷണിക്കു വിധേയനായിട്ടാവാം. കേസ്സിന് ശക്തമായ പിന്തുണ നൽകിയ വ്യക്തികളോടോ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഭാരവാഹികളോടോ ആലോചിക്കാതെ പ്രതിക്ക് രക്ഷപെടാനുള്ള പഴുതിട്ടാണ് മൊഴി നൽകിയത്.

പേടിപ്പെടുത്തുന്ന ഈ അന്തരീക്ഷത്തിൽ നിന്ന് മോചനം തേടി നാടുവിട്ട അദ്ദേഹം ഇപ്പോൾ വിദേശത്ത് ജോലി ചെയ്യുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ദുരനുഭവത്തിന്റെ ഓർമ്മ ഒരു പേക്കിനാവായി ചില രാത്രികാലങ്ങളിൽ അദ്ദേഹത്തെ ശല്യപ്പെടുത്താറുണ്ടത്രേ!

**വറ്റുന്ന ഉപ്പ്**

മറ്റൊരു സംഭവം: നാല്പതു വയസ്സോളം പ്രായമുള്ള ഒരു രോഗിയെ നേത്രചികിത്സാ വിദഗ്ദ്ധൻ ആശുപത്രിയിൽ കിടത്തുന്നു. ആറുമാസമായി ക്രമേണ കാഴ്ചശക്തി കുറഞ്ഞുവരുന്നു എന്നതാണ് രോഗിയുടെ പ്രശ്നം. ഒരു പ്രത്യേകതരം രക്താതിസമ്മർദ്ദം കൊണ്ട് നേത്രപടലത്തിന്റെ ഒരു ഭാഗത്ത് സംഭവിക്കുന്ന ശോഷണം (Optic atrophy) ആണ് അടിസ്ഥാനരോഗമെന്ന് വിശദ പരിശോധനയിൽ കണ്ടെത്തി. ഒരാഴ്ചയോളം കഴിഞ്ഞപ്പോൾ ആ ചികിത്സകന് സ്ഥലം മാറ്റമായി. തുടർന്ന് വേണ്ടത്ര പരീക്ഷായോഗ്യതയുള്ള മറ്റൊരു ഡോക്ടർ പ്രസ്തുത രോഗിയുടെ ചികിത്സ ഏറ്റെടുക്കുന്നു. അയാളുടെ രക്താതിസമ്മർദ്ദം നിയന്ത്രിതമായപ്പോൾ പിന്നീട് കഴിക്കേണ്ട മരുന്നുകൾ കുറിച്ചുകൊടുത്ത് രോഗിയെ വീട്ടിൽ അയയ്ക്കുന്നു. പത്തുദിവസം മരുന്നുകൾ കഴിച്ച് വീണ്ടും പരിശോധിക്കുന്നു. തുടർന്നുപയോഗിക്കേണ്ട മരുന്നുകൾ നിർദ്ദേശിച്ച് പറഞ്ഞയയ്ക്കുന്നു.

രണ്ടുമാസത്തോളം കഴിഞ്ഞ് അയാൾ അതേ ആശുപത്രിയിൽ വന്ന് രണ്ടുരൂപ കൊടുത്ത് ഒരു ഒ.പി. ടിക്കറ്റെടുത്തു. മറ്റൊരു ഡോക്ടറെ കണ്ട് തലവേദനയുണ്ടെന്നു പറഞ്ഞ് മരുന്നിനുള്ള കുറിപ്പ് എഴുതിവാങ്ങി. ഈ ഒ.പി. ടിക്കറ്റിന്റെ ബലത്തിൽ രോഗി ജില്ലാതല ഉപഭോക്തൃ സങ്കട പരിഹാര സമിതിയെ സമീപിക്കുന്നു.

ഭീമമായ ഒരു തുക നഷ്ടപരിഹാരമായി അനുവദിച്ചുകിട്ടാൻ ഡോക്ടർ അശ്രദ്ധമായി ചികിത്സിച്ചതിന്റെ ഭവിഷ്യത്തായിരുന്നുവത്രേ അയാളുടെ കാഴ്ചക്കുറവിന്റെ കാരണം. ചികിത്സ മൂലം അദ്ദേഹത്തിന് അപരിഹാര്യമായ നേത്രവൈകല്യം ഉണ്ടായിരിക്കുന്നത്രേ.

സർക്കാർ ഡോക്ടർ ഉപഭോക്തൃസംരക്ഷണ സമിതിയുടെ അധികാര പരിധിക്ക് പുറത്താണെന്നുള്ള പഴുത് സമർത്ഥമായി അടയ്ക്കാനാണ് രണ്ട് രൂപയുടെ ഒ.പി. ടിക്കറ്റെടുത്ത് അതിൽ മരുന്നിന് കുറിച്ചു വാങ്ങിയത്. പണം കൊടുത്തു വാങ്ങുന്ന സേവനത്തിന്റെ പാകപ്പിഴകളിൽ മാത്രമേ സമിതിക്ക് ഇടപെടാവൂ. ഈ കൗശലത്തിനു പിന്നിൽ പ്രവർത്തിച്ച ബുദ്ധി രോഗിയുടെ തന്നെയായിക്കൊള്ളണമെന്നില്ല. നിയമോപദേശം കിട്ടിയിരിക്കാം. നഷ്ട പരിഹാരകേസുകൾ മോശമല്ലാത്ത മേച്ചിൽപ്പുറങ്ങളാണല്ലോ.

സമിതി പരാതി സ്വീകരിച്ചു. ഡോക്ടർക്കും മറ്റും നോട്ടീസ് കിട്ടി. നിയമോപദേശം തേടൽ, സാക്ഷികളെ തേടിപ്പിടിക്കൽ, ആശുപത്രിരേഖകളുടെ പരിശോധന.... അങ്ങനെ നീണ്ടു. പരമാവധി മൂന്ന് സിറ്റിംഗ് കൊണ്ട് തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചത് ഒന്നരക്കൊല്ലമായി. ഒടുവിൽ തീരുമാനമായി: പരാതി നിലനിൽക്കുന്നതല്ല. നീണ്ടുനിന്ന അലച്ചിലും മനഃക്ലേശവും പണച്ചെലവും വേണ്ടിവന്നത് നൂറുശതമാനവും അടിസ്ഥാനരഹിതമായ ആരോപണത്തിന്റെ പേരിലാണല്ലോ എന്ന വസ്തുത ഡോക്ടറെ വല്ലാതെ തളർത്തി. തികഞ്ഞ ആത്മാർത്ഥതയും സഹാനുഭൂതിയും സാമർത്ഥ്യവും ക്ഷമയും വിനയവുംകൊണ്ട് ജനങ്ങൾക്ക് പ്രിയങ്കരനായിരുന്ന അദ്ദേഹം ഈ സംഭവത്തിനുശേഷം ആകെ മാറി. നിശ്ചിത സമയത്തിന് ജോലിക്കെത്തും. ജോലി കഴിഞ്ഞാൽ ഒരു നിമിഷം നിൽക്കില്ല. രോഗിക്ക് നടത്തേണ്ട പരിശോധനകൾക്ക് വിശദമായി എഴുതിക്കൊടുക്കും. ആശുപത്രിയിൽ അതിനുള്ള സംവിധാനമുണ്ടോ, രോഗിയുടെ സാമ്പത്തികനില അനുവദിക്കുമോ തുടങ്ങിയ അനാവശ്യചിന്തയൊന്നും ഇപ്പോൾ അലട്ടാറില്ല. ബന്ധപ്പെട്ട വിദഗ്ദ്ധരുടെ അഭിപ്രായം രേഖാമൂലം തന്നെതേടും. തന്റെ ദൃഷ്ടിയിൽ പെടാത്ത ഏതെങ്കിലും വൈകല്യത്തിന്റെ വിദൂരസാധ്യതയുണ്ടെന്നു തോന്നിയാൽ മെഡിക്കൽ കോളേജിലേക്ക് പറഞ്ഞയയ്ക്കും. എല്ലാ അവധിയും ഓഫും കണിശമായി എടുക്കും. കോടതി ഡ്യൂട്ടിയുള്ള ദിവസം ആശുപത്രിയിലേക്ക് തിരിഞ്ഞുനോക്കില്ല. രോഗിയുടേയോ ബന്ധപ്പെട്ടവരുടേയോ രേഖാമൂലമായ അനുമതി കിട്ടിയിരിക്കണമെന്ന് നിയമം അനുശാസിക്കുന്ന കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയുമില്ല. അതിനുവരുന്ന കാലതാമസം രോഗിയുടെ ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമാണെങ്കിലും ഗൗനിക്കാറില്ല. രോഗി രക്ഷപെട്ടില്ലെങ്കിലും അയാളുടെ അന്ത്യം ക്രമപ്രകാരമായിരുന്നാൽ പിന്നെ പരാതി നിലനിൽക്കില്ലല്ലോ. ഇങ്ങനെ പ്രതിരോധത്തിൽ ഊന്നിയ ചികിത്സ നടത്തുന്ന ഒരു യന്ത്രം പോലെ അദ്ദേഹം പണിയെടുക്കുന്നു. 'കാശിനുകൊള്ളാത്ത' ആർദ്രവികാരങ്ങളൊന്നും 'യന്ത്ര'ത്തിന് ബാധകമല്ല.

ചികിത്സയുടെ ഓരോ പ്രത്യേക വിഭാഗത്തിലും (സൂപ്പർ സ്പെഷ്യാലിറ്റി അടക്കം) പരമ വിദഗ്ദ്ധരായ പലരുടേയും സേവനം ഇന്ന് ലഭ്യമാണ്. പക്ഷേ, ഒരു ഉത്തമ ചികിത്സകനുണ്ടായിരിക്കേണ്ട അടിസ്ഥാന ഗുണങ്ങൾ തികഞ്ഞവർ എക്കാലവും വിരളമാണ്. ഈ മനുഷ്യമഹാസമുദ്രത്തിൽ വല്ലപ്പോഴുമെങ്കിലും നാം നല്ലവരെ കണ്ടെത്തുന്നു. സമൂഹം അവരുടെ നന്മയ്ക്ക് നന്ദി പറയുന്നത് ദൂഷണം കൊണ്ട്, വ്യവഹാരം കൊണ്ട്, വിഷം കൊണ്ട്, വെടിയുണ്ട കൊണ്ട്, കുരിശുകൊണ്ട്......!

ബലഹീനരായ സാധാരണ മനുഷ്യരിൽ നിന്ന് വളർന്നുയർന്ന് അമാനുഷ പദം പ്രാപിച്ചവർക്ക് പീഡനങ്ങൾ പ്രശ്നമേ അല്ല. പക്ഷേ അത്യുന്നതമായ ആ തലത്തിലേയ്ക്കെത്താതെ മനുഷ്യസഹജമായ ബലഹീനതകളോടുകൂടിത്തന്നെ നമ്മോടൊപ്പം കഴിയുന്ന നല്ലവരില്ലേ? അവരും വേരോടെ പിഴുതെറിയപ്പെടുമ്പോൾ നമ്മുടെ ഈ മണ്ണിന് ഭാരമില്ലാതെ പോകുന്നു.


## ഡയോസിഷൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

## ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും

**വടകര, കൂത്താട്ടുകുളം**
Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid)
*പ്രവേശനം നൽകുന്നു*

**ലേഖനം**

# ഗാന്ധിജയന്തി-ചില അനുബന്ധ ചിന്തകൾ

**ഫാ. ഗീവർഗീസ് പതപ്പിള്ളിൽ**

**കാ**ലങ്ങൾ പിന്നിടുമ്പോഴും തന്റെ ജീവിതവും തത്വങ്ങളും പ്രോജ്ജ്വലിച്ചുകൊണ്ടിരിക്കുമെന്ന വസ്തുതയാണ് ഒക്ടോബർ 2 ഗാന്ധിജയന്തി നമുക്ക് നൽകുന്ന സന്ദേശം. സാധാരണയായി മഹത്വ്യക്തികളുടെ പോലും പ്രാധാന്യത്തിലും പ്രസക്തിയിലും കാലം നിഴൽ വീഴ്ത്താറുണ്ടെങ്കിലും നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ കാര്യത്തിൽ തിരിച്ചാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു രാജ്യത്തെ മാത്രമല്ല, ലോകരാഷ്ട്രങ്ങളെയെല്ലാം തന്റെ ജീവിതനിലപാടുകളിലൂടെ തന്നിലേക്ക് ആകർഷിച്ച മഹത്വ്യക്തിത്വമായിരുന്നു ഗാന്ധിജിയുടേത്. സ്വാതന്ത്ര്യം എന്ന മഹത്തായ ലക്ഷ്യത്തിൽ ഒരു ജനതയെ മുഴുവനും ഒരുമിപ്പിച്ച് നിർത്തി. അഹിംസ എന്ന ശക്തമായ നിരായുധ സമരമാർഗ്ഗത്തിലൂടെ ബ്രിട്ടൻ എന്ന സാമ്രാജ്യത്വ ശക്തിയെ കീഴടക്കി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിയെടുത്ത ഐതിഹാസിക സമരഗാഥയാണ് ഗാന്ധിജിയെ എക്കാലവും അനശ്വരനാക്കുന്നത്.

മതതീവ്രവാദം മറ്റേതു കാലഘട്ടത്തേക്കാൾ പടർന്ന് മനുഷ്യന് സ്വസ്ഥത നഷ്ടപ്പെടുത്തിയിരിക്കുന്ന ഇന്ന് യുദ്ധവും പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയും ഭക്ഷണവിഭവ ദൗർലഭ്യതയും ലിംഗവിവേചനവും പ്രകൃതി ചൂഷണവുമെല്ലാം മാനവരാശിയുടെ മാത്രമല്ല പ്രപഞ്ചത്തിന്റെതന്നെ നിലനിൽപ്പ് അപകടത്തിലാക്കുന്നതാണ്. ദശാബ്ദങ്ങൾക്കുമുമ്പു തന്നെ ഇതിന് ബദൽ മാർഗ്ഗം ഗാന്ധിജി കാണിച്ചുതന്നു എന്നുള്ളത് അദ്ദേഹത്തിന്റെ പ്രാധാന്യം ഇന്നും പ്രസക്തമാകുന്നതാണ്.

അഹിംസ എന്ന നിരായുധ സമരത്തിലൂടെ ലോകരാഷ്ട്രങ്ങൾക്കു മുമ്പിൽ ഗാന്ധിജി എന്നും മാതൃകയാണ്. റഷ്യയിൽ ലിയോ ടോൾസ്റ്റോയിയും അമേരിക്കയിൽ മാർട്ടിൻ ലൂഥർകിംഗും ദക്ഷിണാഫ്രിക്കയിൽ ഹെഡ്മണ്ട് ടുട്ടുവും നെൽസൺ മണ്ടേലയും ടിബറ്റൻ ആത്മീയാചാര്യൻ ദലൈലാമയും പരീക്ഷിച്ചു വിജയിച്ച ശ്രേഷ്ഠമായ ത്യാഗസമര ജ്വാലയാണ് അഹിംസ. താൽക്കാലികമായിട്ടുള്ള നേട്ടത്തേക്കാൾ ശാശ്വതവും സമഗ്രവുമായ ജീവിത വിജയത്തിന് അഹിംസാമാർഗ്ഗമാണ് ഉതകുന്നത് എന്നതായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ. ഹിംസ എന്നത് കേവലം ശാരീരിക പീഡനം മാത്രമല്ല മാനസികവും അല്ലാത്തതുമായ ഏത് പ്രവർത്തനവും ഹിംസയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. ഹിംസാത്മകമായ സമീപന ശൈലിയാണ് ഇന്ന് കമ്പോളത്തിലും പ്രകൃതിയിലും ആത്മീയ-വിദ്യാഭ്യാസരംഗങ്ങളിലുമെല്ലാം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അനാരോഗ്യകരമായ മത്സരങ്ങളും ചൂഷണവിധേയമായ പ്രകൃതി വിഭവങ്ങളും അധീശത്വമനോഭാവവും സ്വയാവബോധവും സ്വഭാവരൂപീകരണവുമില്ലാത്ത അറിവുസമ്പാദനവുമെല്ലാം മനുഷ്യനെ അക്രമത്തിലേക്ക് നയിക്കുന്ന കാഴ്ചയാണ് ഇന്ന് ചുറ്റുപാടുമുള്ളത്. ഇത്തരമൊരു സാമൂഹ്യരാഷ്ട്രീയ സാമ്പത്തിക മതപശ്ചാത്തലം ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തത്തിന് കാലിക പ്രസക്തിയുളവാക്കുന്നതാണ്.

ഇന്ത്യ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം മതങ്ങൾ തമ്മിലുള്ള കലാപങ്ങളും ഭീകര പ്രവർത്തനങ്ങളുമാണ്. സ്വാതന്ത്ര്യത്തിനു മുമ്പേ ഹിന്ദു-മുസ്ലീം സ്പർദ്ധ ഉണ്ടായിരുന്നുവെങ്കിലും ഈ കാലത്താണ് അതിനെ ഭീകര പ്രവർത്തനങ്ങളിലേക്കും സാധാരണ ജനങ്ങളുടെ സ്വൈര്യജീവിതം കെടുത്തുന്നതിലേക്കുമായി അതു വളർന്നത്. മതസാഹോദര്യം വളർത്തുന്നതിന് ഗാന്ധിജി നൽകിയ സംഭാവനയാണ് മതസംവാദങ്ങൾ. ഇതുവഴി ഓരോ മതസ്ഥർക്കും തങ്ങളെത്തന്നെ അറിയുവാനും മറ്റുമതങ്ങളെ മനസ്സിലാക്കുന്നതിനും അവരെ ബഹുമാനിക്കുന്നതിനും സാധിച്ചിരുന്നു. മതങ്ങളും സമുദായങ്ങളും വളരെ സങ്കുചിത ചിന്തകളാൽ ചുറ്റിവരിയപ്പെട്ടിരിക്കുന്ന ഈ കാലത്ത് മതസംവാദങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അതുവഴി മതസാഹോദര്യവും സഹിഷ്ണുതയും പരിപോഷിപ്പിക്കുവാനും കഴിയും.

പ്രകൃതിയുടെ സന്തുലിതാവസ്ഥ പാലിക്കാതെയുള്ള പരിസ്ഥിതിവാദത്തേയും ഉപഭോഗ സംസ്ക്കാരത്തേയും ഗാന്ധിജി എന്നും എതിർത്തിരുന്നു. പ്രകൃതി വിഭവങ്ങൾ എന്നും നിരന്തരം ചൂഷണത്തിന് വിധേയപ്പെടുമ്പോഴും വിവിധ പ്രശ്നങ്ങൾ കൊണ്ടുണ്ടാകുന്ന മലിനീകരണങ്ങളും വനനശീകരണവും കാലാവസ്ഥാ വ്യതിയാനങ്ങളുമെല്ലാം പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യത വെളിപ്പെടുത്തുന്നതും പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്ക് എന്ന ഗാന്ധിജിയുടെ ആശയത്തെ ബലപ്പെടുത്തുന്നതുമാണ്.

ശാസ്ത്രസാങ്കേതിക വളർച്ചയെല്ലാം ശക്തമായ ഈ കാലത്ത് അതുയർത്തുന്ന പ്രശ്നങ്ങൾ മനുഷ്യബന്ധങ്ങളെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ശാസ്ത്രസാങ്കേതിക പുരോഗതിയെ എതിർക്കുക എന്നത് ഗാന്ധിജിയുടെ ലക്ഷ്യമായിരുന്നില്ല, മറിച്ച് മനുഷ്യനെ സഹായിക്കാത്ത മനുഷ്യന്റെ ചുറ്റുപാടുകളെ സ്വാധീനിക്കാത്ത ഹിം

സാത്മക ശാസ്ത്രപുരോഗതിയെയാണ് വിമർശിച്ചത്. ഇന്ത്യ പല സാങ്കേതിക പുരോഗതി കൈവരിച്ചു എന്നു പറയുമ്പോഴും ഇന്ത്യയിലെ അനവധി ഗ്രാമങ്ങളും ഇന്ന് ദാരിദ്ര്യത്തിന്റേയും പട്ടിണിയുടേയും പിടിയിലാണ്. അതായത് ശാസ്ത്ര-സാങ്കേതിക പുരോഗതിക്ക് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളെ നിറവേറ്റുവാൻ കഴിയാതെ വന്നിരിക്കുകയാണ്. ഓരോരുത്തർക്കും ആവശ്യമുള്ള വിഭവം നമുക്കുണ്ടെങ്കിലും നീതിപൂർവ്വമല്ലാത്ത പങ്കുവയ്ക്കലും ആർത്തി സംസ്ക്കാരവും ആഡംബരജീവിതവും ലാളിത്യവും സ്വയം പര്യാപ്തമായ ജീവിതവും എന്ന ഗാന്ധിജിയുടെ മഹത്തായ ആശയത്തെ നമ്മിൽ നിന്നും അകറ്റിക്കളഞ്ഞു.

ചുരുക്കത്തിൽ ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നുള്ള ഗാന്ധിജിയുടെ കണ്ടെത്തൽ വികസനത്തെപ്പറ്റിയുള്ള ഏറ്റവും ശ്രദ്ധേയമായ വിലയിരുത്തലാണ്. വികസനവും പുരോഗതിയും സമൂഹത്തിന്റെ താഴെത്തട്ടിൽ എത്തുന്ന തരത്തിലുള്ള നയങ്ങളും തീരുമാനങ്ങളുമാണ് ഇന്ത്യയ്ക്കിന്നും ആവശ്യം. അതിന് സത്യധർമ്മാധിഷ്ഠിതവും അക്രമരഹിതവുമായ മാർഗ്ഗത്തിലൂടെയുള്ള മനുഷ്യകേന്ദ്രീകൃതവും പ്രകൃതിയോടിണങ്ങിയതുമായ സമഗ്രമായ വികസനവും പുരോഗതിയും ഉണ്ടായേ മതിയാവൂ. ഗാന്ധിജി വിഭാവനം ചെയ്ത വികസന സങ്കല്പങ്ങളും നിരീക്ഷണങ്ങളുമെല്ലാം പ്രസക്തമാകുന്നിടത്താണ് ഗാന്ധിജയന്തി നമുക്ക് അവിസ്മരണീയമാകുന്നത്. ഗാന്ധിജിയുടെ ആശയങ്ങളേയും ചിന്തകളേയും അതിന്റെ സമഗ്രതയിൽ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുന്നവർക്കു മാത്രമേ അദ്ദേഹത്തിന്റെ പ്രസക്തിയും പ്രാധാന്യവും അറിയുവാനും വിലയിരുത്തുവാനും കഴിയുകയുള്ളൂ. ഇത് ഗാന്ധിജിയെ മഹത്വവൽക്കരിക്കുകയല്ല, മറിച്ച് ഇന്ത്യ എന്തെന്ന് അറിയുകയും അതിന്റെ തനതായ വികസനത്തിനിണങ്ങിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ജയാപജയങ്ങളെ തൊട്ടറിയുകയും വിജയത്തെ ലോകത്തിന് പകർന്നു നൽകുകയും 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് പറയുവാൻ ധൈര്യം കാണിക്കുകയും ചെയ്ത ഒരു കർമ്മയോഗി പറയുവാൻ ബാക്കിവച്ച കാര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാകണമെന്ന് പറയുവാനുമാണ്. ജീവിതത്തിലൂടെ ആധുനിക ഇന്ത്യയുടെ ചരിത്രം തന്റേതാക്കി മാറ്റിയ ആ മഹാത്മാവിന്റെ ജയന്തി അനുസ്മരണയ്ക്കുമുമ്പിൽ പ്രണാമം അർപ്പിച്ചുകൊള്ളുന്നു.

## Correction Corner

"നയവാൻ (നീതിമാൻ) പനപോലെ തളിർത്തിടുമേ" എന്നു തുടങ്ങുന്ന ഗീതത്തിൽ മൂന്നാമത്തെ വരിയിൽ നയവാനു പകരമായി ഉപയോഗിച്ചിരിക്കുന്ന സർവ്വനാമം 'അവർ' എന്നാണ്. ആദ്യപാദത്തിൽ ഏകവചനം ഉപയോഗിച്ചിരിക്കുന്നതിനാൽ തുടർന്നു വരുന്ന സർവ്വനാമങ്ങളും ഏകവചനത്തിൽ ആയിരിക്കേണ്ടതാണ്. ഇവിടെ നയവാൻ എല്ലാ നയവാന്മാരെയുമാണ് പ്രതിനിധാനം ചെയ്യുന്നതെങ്കിലും പ്രയോഗത്തിൽ വചനം (number) പാലിക്കേണ്ടതാണ്. അതുകൊണ്ട് 'വൃദ്ധതയിലുമവർ' എന്നത് 'വൃദ്ധതയിലുമവൻ' എന്നും അവസാനവരിയിലെ 'വർദ്ധിക്കുമവർക്ക്' എന്നത് 'വർദ്ധിക്കുമവന്' എന്നും തിരുത്തേണ്ടതാണ്.


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**

**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

RNI No. KERMAL/2012/46014 Date of Publication 15-10-2014, Price Rs. 10/- Licence No. KL/CR/ALU/WPP-02/2013-15
Reg. No. KL/ALY/0067/2013-2015 Licensed to Post Without Pre-payment
DIOCESAN BULLETIN

## ധ്യാനയോഗം നടന്നു

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ ഒരു ഏകദിനധ്യാനയോഗം 2014 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച കത്തിപ്പാറത്തടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നടന്നു. ധ്യാനചിന്ത "അവൻ ഞങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊള്ളുവിൻ" (1 പത്രോ. 5:7) എന്നതായിരുന്നു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് ആദ്ധ്യക്ഷം വഹിച്ചു. വികാരി വന്ദ്യ കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ സ്വാഗതം ആശംസിച്ചു. ഉദ്ഘാടനവും ആമുഖ സന്ദേശവും അഭി. തിരുമേനി നിർവ്വഹിച്ചു. ഫാ. എബിൻ എബ്രഹാം ചിന്താവിഷയം സംബന്ധിച്ച് ക്ലാസ്സെടുത്തു. ഭദ്രാസന വനിതാസമാജം സെക്രട്ടറി റീന ജോയ് കൃതജ്ഞത പറഞ്ഞു. വൈസ് പ്രസിഡന്റ് ഫാ. മേരിദാസ് സ്റ്റീഫൻ, വികാരി ഗീവർഗീസ് റമ്പാൻ, സെക്രട്ടറി റീന ജോയ്, ജോ. സെക്രട്ടറി മിനു മറിയം ജോസഫ് മുതലായവർ സമ്മേളനത്തിന്റെ മുഖ്യസംഘാടകരായിരുന്നു.

## ആഗോള സമ്മേളനത്തിന് വേദിയൊരുങ്ങുന്നു

2014 നവംബർ 23, 24, 25, 26 തീയതികളിൽ സന്തുല ട്രസ്റ്റ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ മനഃശാസ്ത്രജ്ഞന്മാരുടേയും വേദശാസ്ത്ര പണ്ഡിതരുടേയും ഒരു ചതുർദിന ക്യാമ്പിന് വേദിയൊരുങ്ങുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മനഃശാസ്ത്ര വിദഗ്ദ്ധരും ആദ്ധ്യാത്മിക ചിന്തകരും ഇതിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്യും. പൊതുചർച്ചകളും നടക്കും.

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ അഭിമാനങ്ങളിലൊന്നായ പാമ്പാക്കുടയിലെ സമന്വയ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ചാണ് ക്യാമ്പ് നടക്കുന്നത്. 160 പേർക്ക് താമസത്തിനും പഠനത്തിനും ഉല്ലാസത്തിനുമെല്ലാം സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ സ്ഥാപനം. പുസ്തകധന്യമായ വായനശാല, സമ്മേളനഹാൾ, ഭക്ഷണശാല, ശീതീകരണ സൗകര്യമുള്ള കിടപ്പുമുറികൾ മുതലായവയെല്ലാം സമന്വയയുടെ പ്രത്യേകതകളാണ്.

Bridging Between Psychology & Spirituality എന്നതാണ് സമ്മേളനത്തിന്റെ ചിന്താധാര. വിപുലമായ ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ ആസ്പദിച്ചാണ് പ്രബന്ധാവതരണങ്ങളും സംവാദങ്ങളും, ചർച്ചകളുമെല്ലാം നടക്കുന്നത്. നിശ്ചിത എണ്ണം ശ്രോതാക്കൾക്കും സദസ്യരായി പ്രവേശനം നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾ സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ ഓഫീസിൽ നിന്നും ഡയറക്ടറിൽ നിന്നും ലഭ്യമാണ്. 0485-2250745, 9447575091 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

23 .11.2014 - Inaugural Function

**RESOURCE PERSONS**

1. **H.G. Dr. Thomas Athanasius,**
   Metropolitan, Kanadanadu East Diocese of the Malankara Orthodox Church.
2. **Rev. Dn. Dr. Stephen Muse**
   Dir. of Pastoral Counselor Training and Clinical Services
3. **Rev. Dr. O. Thomas**
   Pioneer in the field of Counselling and Pastoral Care,
   Director - OSSAE, Professor - OTS - Kottayam
4. **Dr. Philip Mamalakis**
   Assistant Professor, Pastoral Care
   Holy Cross Greek Orthodox School of Theology
5. **Dr. Varghese P. Punnose**
   HOD, Behavioural Medicine, Kottayam
6. **Dr. Marikutty P. J.**
   Clinical Psychologist and Lecturer, Dept. of Psychology,
   U C College , Aluva
7. **Dr. Nishad Koya A.**
   Chief Psychiatrist, Santhula Trust Hospital
8. **Dr. Rooby P. D.**
   Psychiatist, Santhula Trust Hospital

## അനുമതി നൽകണം

ഇടുക്കി ജില്ലയിലെ കത്തിപ്പാറത്തടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ പുനർ നിർമ്മാണത്തിന് അനുമതി നൽകാൻ ഇടുക്കി കളക്ടർക്ക് കോടതി നിർദ്ദേശം നൽകി. വസ്തുവിന്റെ ഉടമസ്ഥത, കൈവശം, കൈകാര്യം എന്നിവയുമായി ബന്ധപ്പെട്ട സിവിൽ കോടതി ഉത്തരവിന് വിധേയമായിട്ടായിരിക്കണം അനുമതി എന്ന് ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ് വ്യക്തമാക്കി. കാലപ്പഴക്കം മൂലം തകർന്നു വീണ പഴയ പള്ളിയുടെ പുനർനിർമ്മാണത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് വികാരി കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ സമർപ്പിച്ച ഹർജിയിലാണ് പ്രസ്തുത ഉത്തരവ്. വസ്തുവിന്റെ ഉടമസ്ഥതയും കൈകാര്യവും മറ്റും സംബന്ധിച്ച് തർക്കം നിലവിലുണ്ടെന്നു പറഞ്ഞ് പുനർ നിർമ്മാണത്തിന് അനുമതി നിഷേധിക്കാനാവില്ലെന്ന് കോടതി അഭിപ്രായപ്പെട്ടു.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha